## അല്ലാഹുവിന്റെ വചനം

وَلَا تَحْسَبَنَّ الَّذِيْنَ قُتِلُوْا فِيْ سَبِيْلِ اللّٰهِ اَمْوَاتًا ؕ بَلْ اَحْيَآءٌ عِنْدَ رَبِّهِمْ يُرْزَقُوْنَ ۝

അല്ലാഹുവിന്റെ മാർഗത്തിൽ കൊല്ലപ്പെട്ടവർ മരിച്ചവരാണെന്ന് നീ ഒരിക്കലും ധരിക്കരുത് അല്ല അവർ തങ്ങളുടെ രക്ഷിതാവിങ്കൽ ജീവിച്ചിരിപ്പുള്ളവരാണ്. അവർക്ക് ആത്മീയാഹാരം നല്കപ്പെടുകയും ചെയ്യുന്നു. (3:170)


بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 5

ലക്കം 7

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ഫെബ്രുവരി 13. ഹി.ശം. 1399 തബ്ലീഗ് 13/ജ.സാനി 18


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

# മുസ്‌ലിഹ് മൗഊദിനെക്കുറിച്ചുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനം:

**ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:** *ബി ഇൽഹാമില്ലാഹിത്തആലാ വ ഇഅ്ലാമിഹീ അസ്സവജല്ല* കരുണാമയനും ഉദാരനും സർവശക്തനു(ജല്ല ശാനുഹൂ വ അസ്സ ഇസ്മുഹൂ)മായ അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ടു ഇപ്രകാരം പറഞ്ഞു:"ഞാൻ നിനക്ക് അനുഗ്രഹത്തിന്റെ ഒരു അടയാളം നല്കുന്നു. നീ എന്നോടു ചോദിച്ച പ്രകാരം ഞാൻ നിന്റെ വിലാപങ്ങൾ കേൾക്കുകയും എന്റെ കാരുണ്യത്താൽ നിന്റെ പ്രാർഥനകൾക്ക് സ്വീകാരം നല്കുകയും നിന്റെ യാത്ര (ലുധിയാന, ഹോശിയാർപൂർ യാത്ര) നിനക്ക് അനുഗ്രഹമാക്കുകയും ചെയ്തിരിക്കന്നു. അത്ഭുതശക്തിയുടേയും ഔദാര്യത്തിന്റേയും സായൂജ്യത്തിന്റേയും അടയാളം നിനക്കു നല്കുന്നു. വരപ്രസാദത്തിന്റേയും അനുഗ്രഹവായ്പിന്റേയും അടയാളം നിനക്കു ലഭിക്കാൻ പോകുന്നു. വിജയങ്ങളുടെ കുഞ്ചിക നിനക്കു കരസ്ഥമാകുകയാണ്. അല്ലയോ ജയശാലീ! നിനക്കു സമാധാനം. ജീവിതത്തെ ആഗ്രഹിക്കുന്നവർക്ക് മരണത്തിന്റെ പിടിയിൽനിന്ന് രക്ഷ ലഭിക്കാനും ഖബ്റുകളിൽ മറവു ചെയ്യപ്പെട്ടവർ പുറത്തുവരുമാറാകാനും ഇസ്‌ലാംമതത്തിന്റെ മേന്മയും ദൈവവചനത്തിന്റെ പെരുമയും ജനങ്ങൾക്ക് വെളിപ്പെടുന്നതിനും ഞാൻ സർവ ശക്തനും ഇച്ഛിക്കുന്നത് ചെയ്യുന്നവനുമാണെന്ന് ലോകത്തിനു മനസ്സിലാകുന്നതിനും ഞാൻ നിന്നോടൊപ്പമാണെന്ന് അവർക്കു ദൃഢബോധ്യം വരുന്നതിനും ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുന്നവർക്കും ദൈവത്തിന്റെ മതത്തേയും ഗ്രന്ഥത്തേയും പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫാ(സ)യേയും നിഷേധിക്കുകയും കള്ളവാദിയായി ചിത്രീകരിക്കുകയും ചെയ്യുന്നവർക്കും തുറന്ന ഒരു ദൃഷ്ടാന്തമായിരിക്കുന്നതിനും കുറ്റവാളികളുടെ മാർഗം വെളിപ്പെടുമാറാകുന്നതിനും വേണ്ടിയത്രെ ഇപ്രകാരം അരുളിയിട്ടുള്ളത്. അതിനാൽ നിനക്കു സുവിശേഷമായിരിക്കട്ടെ. പ്രതാപവാനും പരിശുദ്ധനുമായ ഒരു പുത്രൻ നിനക്കു നല്കപ്പെടും. ഒരു പാവനപുത്രൻ നിനക്കു നല്കുന്നതാണ്. ആ കുട്ടി നിന്റെ ബീജത്തിൽനിന്നും നിന്റെ സന്തതിയിൽനിന്നുമുള്ളവൻ തന്നെയായിരിക്കും.

സുന്ദരനായ പരിശുദ്ധ സുതൻ നിന്റെ വിരുന്നുകാരൻ ഇതാ വരുന്നു. അവന്റെ പേര് ഇമ്മാനുവേൽ എന്നും ബശീറെന്നുമാണ്. അവന് പാവനമായ ആത്മാവ് നല്കപ്പെട്ടിരിക്കുന്നു. അവൻ അശുദ്ധികളിൽനിന്നെല്ലാം അതീതനായിരിക്കും. അവൻ ദൈവത്തിന്റെ പ്രഭ അതായത് നൂറുല്ലാഹ് ആയിരിക്കും. ആകാശത്തിൽനിന്ന് വരുന്നവൻ അനുഗൃഹീതൻ. അവന്റെ വരവോടുകൂടി വരുന്നവനോടൊപ്പം അനുഗ്രഹമുണ്ട്. അവൻ പ്രതാപവും പ്രഭാവവും ഐശ്വര്യവുമുള്ളവനായിരിക്കും. അവൻ ലോകത്തു വന്ന് തന്റെ മസീഹീ ഗുണവും റൂഹുൽഹഖിന്റെ (അതായത് സത്യത്തിന്റെ ആത്മാവ്) അനുഗ്രഹവും മുഖേന അനേകരുടെ രോഗത്തെ സുഖപ്പെടുത്തും. അവൻ കലിമത്തുല്ലാഹ് അല്ലാഹുവിന്റെ വചനമാകുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ അനുഗ്രഹം അവനെ മഹത്ത്വത്തിന്റെ വചനത്താൽ അയച്ചിരിക്കുന്നു. അവൻ വലിയ ബുദ്ധിശാലിയും കാര്യജ്ഞനും സഹനശീലനുമായിരിക്കും. ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ അവൻ നിറയ്ക്കപ്പെടും. അവൻ മൂന്നിനെ നാലാക്കുന്നവനായിരിക്കും(ഇതിന്റെ അർഥം മനസ്സിലായിട്ടില്ല).തിങ്കളാഴ്ച അനുഗ്രഹപൂർണമായ തിങ്കളാഴ്ച. *മള്ഹറുൽ അവ്വലി വൽആഖിരി മള്ഹറുൽഹഖ്ഖി വൽ അലാഇ കഅന്നല്ലാഹ നസല മിനസ്സമാഇ* വാത്സല്യ പുത്രൻ. മഹാഭാഗ്യവാനായുള്ളവൻ. ആദ്യന്തരഹിതനായ ദൈവം പ്രത്യക്ഷപ്പെടുന്ന സ്ഥാനവും സത്യത്തിന്റേയും ഔന്നത്യത്തിന്റേയും നിലയനവുമായുള്ളവൻ; അല്ലാഹു ആകാശത്തുനിന്ന് ഇറങ്ങിയതുപോലെ. അവന്റെ ആവിർഭാവം എത്രയും അനുഗൃഹീതവും ദൈവത്തിന്റെ പ്രതാപം വെളിപ്പെടുത്തുന്നതിന് കാരണവുമായിരിക്കും. ഏതൊരുവനെ ദൈവം തന്റെ അഭീഷ്ടമാകുന്ന പരിമളംകൊണ്ട് പരിലിപ്തനാക്കിയിരിക്കുന്നുവോ ആ പ്രതാപശാലി വരുന്നു. നാം നമ്മുടെ വചനം അവനിൽ ആക്കും. അവന്റെ തലയ്ക്കുമീതെ ദൈവത്തിന്റെ നിഴലുണ്ടായിരിക്കും. അവൻ വേഗം വേഗം വളർന്നുവരികയും ബന്ധനസ്ഥരുടെ മോചനത്തിനു കാരണമാകുകയും ചെയ്യും. ഭൂമിയുടെ കോണുകളിലെല്ലാം അവൻ കീർത്തി പ്രാപിക്കും. ജാതികൾ അവങ്കൽനിന്ന് അനുഗ്രഹം കൈക്കൊള്ളും. അനന്തരം അവൻ സ്വർഗത്തിൽ അവനുള്ള ആത്മസ്ഥാനത്തേക്ക് കരേറ്റപ്പെടും. അതു വിധിച്ചുപോയ കാര്യമാകുന്നു. **വ കാന അംറൻമ്മഖ്ളിയ്യൻ**."

*(സബ്സ് ഇശ്തിഹാർ ഫെബ്രുവരി 20)*


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

**വിവർത്തനം: അമീൻ മുഹമ്മദ് മാത്ര**

**2018 ഒക്ടോബർ 23, ചൊവ്വാഴ്ച: ഹുദൂറിന്റെ പ്രഭാഷണം. (തുടർച്ച...)**

ഇത് നമ്മുടെ ദേശത്തിനും ജില്ലക്കും ചരിത്രപരമായി വളരെ പ്രധാന്യമുള്ള അവസരമാണ്. കാരണം ഈ ഹോസ്പിറ്റൽ കേവലം ജനങ്ങളെ സഹായിക്കാൻ വേണ്ടിയാണ് ഉണ്ടാക്കിയിട്ടുള്ളത്. ഗ്വാട്ടിമാലക്ക് ഒരു സുപ്രധാന പ്രശ്നവും ആവശ്യവുമാണ്. ഇവിടുത്തെ ഹെൽത്ത് മിനിസ്റ്ററിനും ഇതുപോലെയുള്ള സ്റ്റെപ്പ് എടുക്കേണ്ടത് അനിവാര്യമാണ്. ഞാൻ അഹ്മദിയ്യാ ജമാഅത്തിനും ഹ്യുമാനിറ്റി ഫസ്റ്റിനും നന്ദി രേഖപ്പെടുത്തുന്നു. നാല് വർഷം മുമ്പേ ലണ്ടൻ ജൽസാ സാലാനയിൽ പങ്കെടുത്തപ്പോൾ ഹുദൂറുമായി നമ്മുടെ അഭിമുഖമുണ്ടായിരുന്നു. അപ്പോൾ ഹുദൂറിനോട് ഗ്വാട്ടിമാലക്ക് ആരോഗ്യപരമായ സൗകര്യങ്ങളുടെ ആവശ്യമുണ്ടെന്ന് അപേക്ഷിച്ചിരുന്നു. അപ്പോൾ ഗ്വാട്ടിമാലയിൽ ആശുപത്രിയുണ്ടാക്കുമെന്ന് ഹുദൂർ പറഞ്ഞിരുന്നു. ഇന്ന് നാം അതിനെ പ്രവർത്തിരൂപേണ കണ്ടിരിക്കുന്നു. ജമാഅത്ത് ലോക സമാധാനം സ്ഥാപിക്കാൻവേണ്ടി ശ്രമിച്ചു വരുന്നു. എല്ലാ സമുദായത്തിനും സ്നേഹത്തിന്റെ സന്ദേശം എത്തിച്ചു കൊണ്ടിരിക്കുന്നു. ഖലീഫ തന്റെ പ്രസംഗത്തിൽ പറഞ്ഞതുപോലെ ഭരണകൂടങ്ങളും ഇതര സമുദായങ്ങളും വ്യാപിപ്പിക്കേണ്ട സന്ദേശമാണിത്. അത് കേൾക്കുന്ന ഏതൊരു വ്യക്തിയുടേയും ഹൃദയത്തിൽ സമാധാനം ഉണ്ടാകാൻ തുടങ്ങും.

പെറുഗ്വേയുടെ വൈസ് മിനിസ്റ്റർ ഓഫ് എജ്യൂക്കേഷൻ റോബർട്ട് കാനോ പറയുന്നു: ഇത് വളരെ നല്ല യൂണിറ്റാണ്. ഈ ജമാഅത്തിലെ വ്യക്തികൾക്ക് പരസ്പരം ഒന്നുചേർന്നുകൊണ്ടു ഇതിനെ പൂർത്തിയാക്കിയതിൽ ഞാൻ വിസ്മയിക്കുന്നു. ഖലീഫ തന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചതുപോലെ ഇതു മുഖേന ആവശ്യക്കാരെ സഹായിക്കും. കർമരൂപേണ ജനങ്ങളെ സ്നേഹിക്കുന്നതിനുള്ള ഒരു ഉത്തമമാർഗമാണ്. മനുഷ്യസമൂഹം ഇതേ രീതി സ്വീകരിക്കുകയാണെങ്കിൽ ലോകത്ത് സമാധാനം സ്ഥാപിതമാകും. ഇസ്‌ലാം മതത്തേയും സംസ്കാരത്തേയും വളരെയടുത്ത് അറിയാൻ എനിക്ക് ലഭിച്ച അനുഭവമായിരുന്നു അത്. അഹ്മദിയ്യാ ജമാഅത്തിനെ സംബന്ധിച്ച് എനിക്ക് പല ചോദ്യങ്ങളുമുണ്ടായിരുന്നു. അതിന്നുള്ള മറുപടി എനിക്ക് വന്ന തിന്നു ശേഷം ലഭിച്ചു. കുറച്ചു കാലമായി അഹ്മദിയ്യാ ജമാഅത്ത് പരാഗ്വേയിലും സ്ഥാപിതമായിരിക്കുന്നു. അവരുടെ ക്ഷണമനുസരിച്ചാണ് ഞാനിവിടെ എത്തിയത്.

സാകേറ്റിയോ കിസ് പ്രദേശത്തിന്റെ മുൻ ഗവർണർ ജാസിന്റോ കാസ്റ്ററോ തന്റെ അനുഭവങ്ങൾ വിവരിക്കുന്നു:

ഈ ഹോസ്പിറ്റലിന്റെ അടിത്തറ ഇടുന്ന സമയത്ത് ഒരു കല്ല് വെക്കാനുള്ള ഭാഗ്യം എനിക്കും ലഭിച്ചിരുന്നു. മനുഷ്യത്വത്തെ സഹായിക്കാൻവേണ്ടി ഈ ഹോസ്പിറ്റൽ സ്ഥാപിതമായതിൽ എനിക്കും സന്തോഷമുണ്ട്. ഹുദൂറിന്റെ പ്രഭാഷണം സംബന്ധമായി എനിക്ക് പറയാനുള്ളത്, അതിൽ സമാധാനത്തിന്റേയും ശാന്തിയുടേയും സന്ദേശമുണ്ടായിരുന്നു. ലണ്ടനിലെ ജൽസാ സാലാനയിൽ എനിക്ക് ഒരു പ്രാവശ്യം ഖലീഫയുടെ പ്രസംഗം കേൾക്കാൻ അവസരം ലഭിച്ചു. മാതാപിതാക്കളെ ആദരിച്ചു കൊണ്ട് വിജയം പ്രാപ്തമാക്കടണമെന്ന് ഹുദൂർ പറഞ്ഞത് എനിക്ക് ഓർമയുണ്ട്. ഇന്നും ഹുദൂറിന്റെ പ്രഭാഷണം ശ്രവിച്ചു. വളരെ മനോഹരമായിരുന്നു.

വിനോദ സഞ്ചാരത്തിന്റേയും മായൻസംസ്കരത്തിന്റേയും അന്തർദേശീയ അംബാസഡർ ചിവാ വെലാസ്കോ തന്റെ പ്രതികരണങ്ങൾ ഇപ്രകാരം വിവരിക്കുന്നു:

ഈ പ്രവർത്തനത്തിന്റെ ഫലം അല്ലാഹു എല്ലാവർക്കും നല്കുമാറാകട്ടെ. നിങ്ങൾക്ക് ഹോസ്പിറ്റൽ നിർമിക്കാൻ കഴിഞ്ഞതിൽ നന്ദിയുണ്ട്. കാരണം ഇത്തരമൊരു ഹോസ്പിറ്റൽ മുമ്പേ ഒരിക്കലും ഈ രാജ്യത്ത് നിർമിച്ചിട്ടില്ല. ലോകം മുസ്‌ലിമീങ്ങളെ ഭയപ്പെടുന്നു. എന്നാൽ, മുസ്‌ലിമീങ്ങൾ ഹൃദയാത്മനാ വളരെ നല്ലവരും ആതിഥേയരുമാണെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്.

ഒരു പത്രപ്രവർത്തകൻ റിച്ചാർഡ് തന്റെ അനുഭവം വിവരിക്കുന്നു: വളരെ പാവപ്പെട്ട രാജ്യത്താണ് ഖലീഫ വന്നത്. ലാറ്റിൻ അമേരിക്കയിലെ ഖലീഫ സന്ദർശിക്കുന്ന ആദ്യ രാജ്യമാണിത്. അദ്ദേഹത്തിന്റെ വരവ് വളരെ അനിവാര്യമായിരുന്നു. ഇസ്‌ലാമിനെ സംബന്ധിച്ച് ജനങ്ങൾ കേൾക്കുകയും ആലോചിക്കുകയും വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുകയും ചെയ്യുന്ന രാജ്യമാണിത്. ഭാവിയിലും ഖലീഫ നമ്മുടെ രാജ്യം സന്ദർശിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഖലീഫയുടെ പ്രസംഗത്തെ കുറിച്ച് പറയാൻ ആഗ്രഹിക്കുന്നത്, അഹ്മദിയ്യാ ജമാഅത്ത് ആവശ്യക്കാരെ സഹായിക്കുന്നവരും സമാധാനവും സ്നേഹവും ലോകത്ത് പ്രചരിപ്പിക്കണമെന്ന് വിചാരം വെച്ചു പുലർത്തുന്നവരുമാണെന്നാണ്. ഖലീഫ തന്റെ പ്രസംഗത്തിൽ നല്കിയ സന്ദേശം വളരെ നല്ലതായിരുന്നു.

ഒരു ബാങ്ക് മാനേജർ അറോൾഡോ മോണ്ടേറൊസ്സോ(Aroldo Monterroso) തന്റെ അനുഭവം വിവരിക്കുന്നു:

ഇത് വളരെ നല്ലൊരു പ്രോഗ്രാമായിരുന്നു. നമ്മുടെ രാജ്യത്തിന് ഇതുമുഖേന സഹായം ലഭിക്കുമെന്നറിയുന്നതിൽ സന്തോഷമുണ്ട്. ഇന്നത്തെ പ്രഭാഷണം വളരെ ആകർഷണീയമായിരുന്നു. വളരെ നല്ലൊരു സന്ദേശമായിരുന്നു. ഇത് ഹുദൂർ മുഴുവൻ മുസ്‌ലിം ലോകത്തിന്റെ ഭാഗത്തുനിന്നുമാണ് നല്കിയത്. മനുഷ്യത്വത്തെ സഹായിക്കുക എന്നത് എല്ലാവരുടേയും നിർബന്ധ കടമയാണ്. ജനങ്ങളെ നിസ്വാർഥമായി സഹായിക്കുന്നു എന്നതാണ് ഏറ്റവും പ്രിയപ്പെട്ട നല്ലകാര്യം. അഹ്മദിയ്യാ ജമാഅത്തിന്റെ തത്ത്വശാസ്ത്രം എന്താണ് എന്നതും ഈ രാജ്യത്തിനുവേണ്ടി എന്താണ് അവർ ചെയ്യുന്നത് എന്നതും അറിയാൻ എനിക്ക് വളരെ ആകാംക്ഷ ഉണ്ടാക്കിയ കാര്യമാണ്.

ഗ്വാട്ടിമാലയിലെ ഒരു വെറ്റിനറി ഡോക്ടർ ഗുല്ലേർമോ ഗൊൺസാലെസ്(Gullermo Gonzalez) പറയുന്നു:

ഇത് വളരെ നല്ലൊരു പ്രോഗ്രാമായിരുന്നു. ഈ മിഷൻ ഇവിടെ തുടങ്ങിയതിൽ അഹ്മദിയ്യാ ജമാഅത്തിനോട് നമുക്ക് നന്ദിയുണ്ട്. ഒരു ആവശ്യക്കാരന് എങ്ങനെ സഹായിയാകണമെന്ന വികാരം സൃഷ്ടിക്കുന്നതായിരുന്നു ഖലീഫയുടെ പ്രസംഗം. നിങ്ങളുടെ ജമാഅത്ത് നീണ്ടകാലമായി തുടർന്നു വരുന്ന പ്രവൃത്തിയാണിത്. ഇത് നിങ്ങൾ തുടർന്നും ചെയ്യുമെന്ന പ്രതീക്ഷയുണ്ട്. ഒരു തരത്തിലുള്ള വിവേചനവും നിങ്ങൾ കാണിച്ചില്ല എന്നതും ഈ ഹോസ്പിറ്റൽ എല്ലാവർക്കുംവേണ്ടി നിർമിച്ചിരിക്കുന്നുവെന്നതും വളരെ നല്ലതായി തോന്നി.

ഗ്വാട്ടിമാലയിലെ ഒരു ഡോക്ടർ ജോർജ് സമായോവ(Jorge Samayoa) പറയുന്നു:

ഇന്നത്തെ event വളരെ സുന്ദരവും മഹനീയവുമായിരുന്നു. ഇത്രയധികം പേർ പുറം ലോകത്ത് നിന്ന് ഇവിടെ വന്നു. സ്നേഹവും അനുകമ്പയും എന്ന ഒരൊറ്റലക്ഷ്യമേ എല്ലാവരിലും കാണുന്നുള്ളു. ഖലീഫയുടെ പ്രഭാഷണം ഗ്വാട്ടിമാലക്ക് മാത്രമല്ല, പ്രത്യുത മുഴു ലോകത്തിനും വേണ്ടിയാണ്. ഗോട്ടിമാലയുടെ ചരിത്രത്തിൽ ഇന്നത്തെ ദിവസം സുരക്ഷിതമായിരിക്കുന്നു. ദൈവത്തിന്റെ ഖലീഫ ഇന്നാണ് ഗ്വാട്ടിമാലയിൽ വന്നിരിക്കുന്നത്. ഈ അനുഗൃഹീത പ്രോഗ്രാമിൽ പങ്കെടുക്കാൻ എന്നേയും ക്ഷണിച്ച നിങ്ങൾക്ക് വളരെ വളരെ നന്ദിയുണ്ട്.

ജമാഅത്തിന്റെ ഒരു സ്നേഹിതൻ റവൂല് മസേലി(Raul Meseli)തന്റെ അനുഭവങ്ങൾ ഇങ്ങനെ വിവരിക്കുന്നു:

ഖലീഫത്തുൽ മസീഹുമായുള്ള എന്റെ ആദ്യ കൂടിക്കാഴ്ചയാണ് ഇന്നുണ്ടായത്. ഹുദൂറിനെ ദർശിച്ച് വളരെ അനുഗൃഹീതനായി. ഹുദൂറിനെ കുറിച്ച് മുമ്പേയും കേട്ടിരുന്നു. മുമ്പേ ഒരിക്കലും നേരിട്ട് കാണാൻ സാധിച്ചിരുന്നില്ല. ഹുദൂർ സത്യത്തിൽ ഒരു സത്യസന്ധനും ആത്മീയ വ്യക്തിത്വവുമാണ്. ഗ്വാട്ടിമാല അഹ്മദിയ്യാ ജമാഅത്തിന് ഇങ്ങനൊരു മസ്ജിദ് നിർമിക്കാൻ അവസരം നല്കിയതിൽ അങ്ങയെ അഭിനന്ദിക്കുന്നു. ഈ ആരോഗ്യ പരിപാലനത്തിൽനിന്ന് യഥാർഥരൂപത്തിൽ ഫലമെടുക്കാൻ ഞങ്ങൾക്ക് കഴിയും. കൂടാതെ ഞങ്ങളുടെ പ്രാദേശിക ഡോക്ടർമാർക്ക് ഈ ഹോസ്പിറ്റലിൽ നല്കുന്ന ട്രൈനിംഗിൽ നിന്ന് ഗുണവും ലഭിക്കുന്നതായിരിക്കും. മനുഷ്യത്വത്തിനോട് ഖലീഫക്ക് സ്നേഹമുണ്ടെന്ന വിഷയം ചില വാക്കുകളിൽ ചുരുക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇക്കാരണം കൊണ്ടാണ് അദ്ദേഹം ഇവിടെ സന്ദർശനം നടത്തിയത്. ഇസ്‌ലാമിന്റെ വളരെയധികം ലക്ഷ്യങ്ങളിൽ ഒരു ലക്ഷ്യമാണിത്.

ഒരു പത്രത്തിന്റെ കമേഴ്ഷ്യൽ ഡയറക്ടർ മിസ് ഡോണിസ്(Miss Donis) പറയുന്നു:

ഇന്നത്തെ പ്രോഗ്രാം വളരെ പ്രിയങ്കരവും ഗംഭീരവുമായിരുന്നു. ഇക്കാര്യത്തിൽ ഞാൻ നിങ്ങൾക്ക് അനുഗ്രഹാശിസുകൾ നേരാൻ ആഗ്രഹിക്കുന്നു. ഇത്തരം പ്രോഗ്രാമുകൾ നമ്മുടെ ഗ്വാട്ടിമാലയിൽ കൂടുതൽ ഉണ്ടാകണമെന്നുംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഖലീഫയുടെ പ്രഭാഷണം വളരെ മനോഹരമായിരുന്നു. മനുഷ്യത്വത്തോടുള്ള സ്നേഹത്തിൽ ചാലിച്ചെടുത്തതായിരുന്നു. ഇത്ര മഹത്തായ ഒരു ഹോസ്പിറ്റൽ പൊതു ജനങ്ങൾക്ക് വേണ്ടി നല്കിയതിൽ മംഗളമാശംസിക്കുകയാണ്. നമ്മുടെ എല്ലാ ജില്ലയിലും ഇത്തരം പ്രോഗ്രാം നടക്കേണ്ടതുണ്ട്. എല്ലാ പ്രദേശങ്ങളിലും ഇത്തരം പരിപാടികൾ സംഘടിപ്പിക്കുകയാണെങ്കിൽ അത് ഒരു മൂല്യവത്തായ കാര്യമായിരിക്കും

എല്പറോദേകാ പത്രത്തിന്റെ പ്രതിനിധി ഫെർണാണ്ടോ പിനേറ്റ(Fernando Pineta) തന്റെ വികാരങ്ങൾ ഈ വാക്കുകളിൽ പ്രകടിപ്പിച്ചു:

ഖലീഫയുടെ പ്രഭാഷണം വളരെ പ്രിയങ്കരവും ഹൃദയഹാരിയും സ്നേഹം തുടിക്കുന്നതുമായിരുന്നു. ഖലീഫയുമായി കൂടിക്കാഴ്ച നടത്തിയതിനുശേഷം എനിക്ക് വളരെ നല്ലതായി തോന്നി. ആദ്യമായി ഖലീഫയെ ഇത്രയടുത്ത് കണ്ടപ്പോൾ എന്റെ മനസ്സിന് ഒരു സമാധാനം അനുഭവപ്പെട്ടു. അത് വിവരണാതീതമാണ്. നാസിർ ഹോസ്പിറ്റൽ പ്രൊജക്ട് വളരെ പ്രിയപ്പെട്ട ഒന്നാണെന്നു കൂടി പറയാൻ ഞാൻ ആ

(ശേഷം പേജ് 12ൽ)

# ഖുത്ബ ജുമുഅ

അൻസ്വാർ സമൂഹമേ! ജനങ്ങൾ ആടുമാടുകളെയുമായി പോവുമ്പോൾ നിങ്ങൾ അല്ലാഹുവിന്റെ ദൂതരുമായി തിരിച്ചുപോവുന്നത് നിങ്ങൾക്കിഷ്ടമില്ലേ? മുഹമ്മദിന്റെ ആത്മാവ് ആരുടെ കൈയിലാണോ അവനാണ! ഹിജ്റ ഉണ്ടായിരുന്നില്ലെങ്കിൽ ഞാനും അൻസ്വാറിൽപെട്ട ഒരാളാകുമായിരുന്നു. എന്റെ ജനം മക്കയിലാണ് എന്നതൊഴിച്ചാൽ ഞാനും നിങ്ങളും തമ്മിൽ ഒരു ഭേദവുമില്ല. ജനങ്ങളെല്ലാം ഒരു വഴിയിൽ പ്രവേശിക്കുകയും അൻസ്വാർ മറ്റൊരു വഴിയിൽ പ്രവേശിക്കുകയും ചെയ്താൽ തീർച്ചയായും അൻസ്വാറിനോടൊപ്പമായിരിക്കും ഞാൻ. അല്ലാഹുവേ! അൻസ്വാറിനേയും അവരുടെ സന്തതികളുടേയും സന്തതികളുടെ സന്തതികളുടേയുംമേൽ നിന്റെ കാരുണ്യാനുഗ്രഹങ്ങൾ ചൊരിഞ്ഞാലും.

**ദാനധർമങ്ങൾ കൊടുക്കുകയും ദരിദ്രരെ തുറന്നമനസ്സോടെ സഹായിക്കുകയും ചെയ്ത ബദ്‌രി സ്വഹാബി ഹദ്റത്ത്  സഅ്ദ് ബിൻ ഉബാദ(റ)യുടെഅനുഗൃഹീത ജീവചരിത്രവിവരണം.**

**ഖുത്ബ ജുമുഅ 2020 ജനുവരി 10/1400 സ്വുൽഹ് 10,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്(സർറെ),യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ -
اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ -
صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

കഴിഞ്ഞ ജുമുഅഖുത്ബയിൽ ഞാൻ വഖ്ഫെ ജദീദിന്റെ നവവത്സര വിളംബരം ചെയതതോടൊപ്പം രാജ്യങ്ങളുടെ പൊസിഷനും പറഞ്ഞിരുന്നു. അതിൽ വഖ്ഫെ ജദീദ് ചന്ദവസൂലിയുടെ അടിസ്ഥാനത്തിൽ യു.കെ യിലുള്ള ജമാഅത്തുകളിൽ ഒന്നാം സ്ഥാനത്ത് ഇസ്‌ലാമാബാദ് ജമാഅത്താണെന്നായിരുന്നു പറഞ്ഞിരുന്നത്. എന്നാൽ, ആ പരിശോധന ശരിയല്ലെന്ന് പിന്നീട് അറിയാൻ കഴിഞ്ഞു. ഒന്നാം സ്ഥാനത്ത് ആൽഡർശോട്ട് (Aldershot)ജമാഅത്തും രണ്ടാം സ്ഥാനത്ത് ഇസ്‌ലാമാബാദ് ജമാഅത്തുമാണ്. ഇത് എന്തുകൊണ്ടുണ്ടായി? എങ്ങനെയുണ്ടായി? എന്ന വിശദീകരണത്തിലേക്കൊന്നും ഞാൻ പോകാനാഗ്രഹിക്കുന്നില്ല. പക്ഷേ, എന്തായാലും ഇത് തിരുത്തേണ്ട ആവശ്യമുണ്ടായിരുന്നു. അതുകൊണ്ടാണ് ഏറ്റവുമാദ്യം ഞാൻ ഇതെടുത്തത്. ആൽഡർശോട്ട്  ജമാഅത്ത് മാശാഅല്ലാഹ് വലിയ ത്യാഗമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. പ്രത്യേകിച്ചും ചില സ്ത്രീകൾ എപ്രകാരമാണ് അസാധാരണമായ ത്യാഗം ചെയ്തതെന്ന് ആൽഡർശോട്ട് ലജ്നാ സ്വദ്ർ എനിക്കെഴുതുകയുണ്ടായി. അവരുടെ ത്യാഗവികാരം മാതൃകാപരമാണ്. അല്ലാഹു അവരുടെ ആയുസ്സിലും സ്വത്തിലും അനുഗ്രഹം ചൊരിയുമാറാകട്ടെ. കഴിഞ്ഞ ഖുത്ബയിൽ ഞാൻ പോതുവെ ദരിദ്ര ജമാഅത്തുകളുടെയും ദരിദ്രരാജ്യങ്ങളിൽ താമസിക്കുന്നവരുടെയും ത്യാഗത്തിന്റെ സംഭവങ്ങളാണ് വിവരിച്ചത്. ധനികരിലും ത്യാഗത്തെക്കുറിച്ചുള്ള ഇത്തരം ബോധമുണ്ടാകുന്നതിനും ത്യാഗത്തിന്റെ ആത്മാവ് എന്താണെന്ന് അവരറിയുന്നതിനും  വേണ്ടിയായിരുന്നു അത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവിടെ ഈ വികസിത രാജ്യങ്ങളിൽ ഭൗതിക ആവശ്യങ്ങളെ പിൻപുറം തള്ളിക്കളഞ്ഞുകൊണ്ട് ത്യാഗം സമർപിച്ചുകൊണ്ടിരിക്കുന്ന നിരവധി ആളുകളുണ്ട്. എന്തായാലും ഞാൻ പറഞ്ഞതുപോ ലെ ബ്രിട്ടൺ ജമാഅത്തുകളിൽ വഖ്ഫെ ജദീദിൽ ആൽഡർശോട്ട് (Aldershot) ജമാഅത്താണ് ഒന്നാം സ്ഥാനത്തുള്ളത്.

ഇനി ഞാൻ ഇന്നത്തെ ഖുത്ബയുടെ വിഷയത്തിലേക്ക് വരികയാണ്. ബദ്‌രി സ്വഹാബികളെക്കുറിച്ചുള്ള വിവരണങ്ങളാണ് നടന്നുവരുന്നത്. കഴിഞ്ഞ ഖുത്ബയുടെ മുമ്പേയുള്ള ഖുത്ബയിൽ ഞാൻ ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയെക്കുറിച്ചാണ് വിവരിച്ചിരുന്നത്. അതിൽ കുറച്ച് വിവരിക്കാൻ ബാക്കിയുണ്ടായിരുന്നു. ഇന്നും അദ്ദേഹത്തെക്കുറിച്ചുതന്നെ വിവരിക്കുന്നതാണ്. പക്ഷേ, ഇവിടേയും കഴിഞ്ഞ ഖുത്ബയിൽ വിവരിച്ച ഒരു ഉദ്ധരണി തിരുത്തേണ്ട ആവശ്യമുണ്ട്. ബോധ്യമുണ്ടായിട്ടും ഞാൻ ഉദ്ധരണി അയക്കുന്നവരെ കുറിച്ച് പറഞ്ഞിരുന്നില്ല. പക്ഷേ, റിസർച്ച് സെല്ലിൽ നമ്മുടെ ജോലികൾ ചെയ്യുന്നവർക്കുതന്നെ അത് ബോധ്യപ്പെട്ടു. അവർ തിരുത്തൽ അയച്ചിരിക്കുന്നു. ഇതുമുഖേന എനിക്കുണ്ടായ തെറ്റായ ധാരണയും നീങ്ങി. മാശാഅല്ലാഹ് അവർ വളരെ കഠിനാധ്വാനം ചെയ്താണ് ഉദ്ധരണികൾ അയക്കാറുള്ളത്. പക്ഷേ, ചില ഘട്ടങ്ങളിൽ പെട്ടെന്ന് ചെയ്യുന്നതിനാൽ രണ്ടുസ്വഹാബത്തിന്റെ ഒരുപോലെയുള സംഭവങ്ങൾ കൂട്ടിചേർത്ത് പറയുന്നത് കാണും. ഇപ്രകാരംതന്നെ ചിലപ്പോൾ അറബി വചനങ്ങളുടെ തർജമയിലും വാക്കുകൾ ശരിയായ നിലയിൽ തിരഞ്ഞെടുക്കപ്പെടാത്ത കാരണത്താൽ യാഥാർഥ്യം വ്യക്തമാകുകയില്ല. എന്തായാലും ഇപ്പോൾ അവർ ആ ഉദ്ധരണിയുടെ ശരിയായ രൂപം അയച്ചിരിക്കുകയാണ്. അത് ഞാൻ ആദ്യം കേൾപിക്കാം. പിന്നീട് ബാക്കി പറയുന്നതായിരിക്കും.

ഡിസംബർ 27 ലെ ഖുത്ബയിൽ ഞാൻ ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ)യെക്കുറിച്ചു വിവരിച്ചപ്പോൾ പറഞ്ഞിരുന്നത്, നബി(സ) തിരുമേനി ഹദ്റത്ത് സഅ്ദിനേയും ഹദ്റത്ത് ത്വുലയ്ബ് ബിൻ ഉമയ്റിനേയും സഹോദരന്മാരാക്കി എന്നായിരുന്നു. അദ്ദേഹം മക്കയിൽനിന്ന് ഹിജ്റത്ത് ചെയ്ത് മദീനയിൽ വന്നതാണ്. ഇബ്നു ഇസ്ഹാഖിന്റെ അഭിപ്രായത്തിൽ നബി(സ)തിരുമേനി ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയേയും ഹദ്റത്ത് അബൂദർ ഗഫ്ഫാരിയേയും സഹോദരന്മാരാക്കി എന്നാണ്. എന്നാൽ, ചിലർക്ക് അതിനോട് എതിരഭിപ്രായവുമുണ്ട്. വാഖ്ദി അത് നിഷേധിച്ചിട്ടുമുണ്ട്. കാരണം അദ്ദേഹത്തിന്റെ പക്കൽ ബദ്ർ യുദ്ധത്തിനുമുമ്പേ സ്വഹാബാക്കൾക്കിടയിൽ  നബി(സ)തിരുമേനി സാഹോദര്യബന്ധം സ്ഥാപിച്ചുവെന്നാണ്.  ഹദ്റത്ത് അബൂദർ ഗഫ്ഫാരി(റ) ആ നേരത്ത് മദീനയിൽ ഉണ്ടായിരുന്നില്ല. അദ്ദേഹം വന്നിരുന്നതുമില്ല. ബദ്ർ, ഉഹുദ്, ഖൻദഖ് എന്നീ യുദ്ധങ്ങളിലും പങ്കെടുത്തിരുന്നുമില്ല. പ്രത്യുത അദ്ദേഹം ആ യുദ്ധങ്ങൾക്കുശേഷമാണ് നബി(സ)തിരുമേനയുടെ സന്നിധിയിൽ ഹാജാരായത്. ഞാൻ പറഞ്ഞിരുന്നത് ഇത് അദ്ദേഹത്തിന്റെ തെളിവാണെന്നാണ്. എന്തായാലും ഇത് അപ്രകാരമല്ല. സാഹോദര്യബന്ധത്തിന്റെ പരാമർശം വരുന്നത് യഥാർഥത്തിൽ ഹദ്റത്ത് മുൻദിർ ബിൻ അംറ് ബിൻ ഖുനയ്സിന്റെ(റ) അനുബന്ധത്തിലാണ്. (ഉസുദുൽഗാബ വാള്യം 5, പേജ് 258, മുൻദിർ ബിൻ അംറ്, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003)

റിസർച്ച് സെൽ അധികൃതർതന്നെ എഴുതിയിരിക്കുന്നു:  ഏതൊരുഗ്രന്ഥത്തിൽനിന്നാണോ ഇത് എടുത്തത് അവിടെ അദ്ദേഹത്തോടൊപ്പം ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ)യെ കുറിച്ചും പറഞ്ഞിട്ടുണ്ട്. അതിനാൽ റിസർച്ച് സെൽ അധികൃതർ അബദ്ധത്തിൽ ഈ വാക്യം ഹദ്റത്ത് സഅ്ദിനോടൊപ്പവും വിവരിച്ചു. ഹദ്റത്ത് മുൻദിർ ബിൻ അംറ് വിവരണത്തിലാണ് സാഹോദര്യത്തിന്റെ ഈ പരാമർശം ഉള്ളതുതാനും. അതിന്റെ വിശദീകരണം കഴിഞ്ഞ വർഷം ആരംഭത്തിൽ ജനുവരി 25 ലെ ജുമുഅ ഖുത്ബയിൽ ഞാൻ വിവരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. ഏതായിരുന്നാലും ഇത് ഒരു തിരുത്താണ്. ഇനി തുടർന്നു വിവരിക്കാനുള്ളത് പറയാം.

ഖൻഖ് യുദ്ധസംഭവം നടന്നപ്പോൾ നബി(സ) തിരുമേനി തങ്ങളുടെ കൂടെയുണ്ടായിരുന്ന ഗത്ഫാൻ ഗോത്രത്തിലെ ആളുകളെ തിരിച്ചുകൊണ്ടുപോകണമെന്ന നിബന്ധനയിൽ  ഉയയ്ന ബിൻ ഹിസ്വിനിനു മദീനയുടെ മൂന്നിൽ ഒരു ഭാഗം ഈന്തപ്പഴം ഉപഹാരമായി നൽകുന്നതിനെക്കുറിച്ച് ആലോചിച്ചു. നബി(സ) തിരുമേനി മറ്റുള്ളവരെയെല്ലാം വിട്ട് ഹദ്റത്ത് സഅ്ദ് ബിൻ മുആദിനോടും ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയോടും മാത്രം അഭിപ്രായം ആരാഞ്ഞു. അപ്പോൾ അവർ ഇരുവരും പറഞ്ഞു:‘അങ്ങയ്ക്ക് അല്ലാഹുവിൽനിന്ന് ഇതുസംബന്ധമായി വല്ല കല്പനയും വന്നിട്ടുണ്ടെങ്കിൽ അങ്ങ് അത് നടപ്പിൽ വരുത്തുക. അങ്ങനെ അല്ലായെങ്കിൽ അല്ലാഹുവാണ! വാളല്ലാതെ മറ്റൊന്നും ഞങ്ങൾക്ക് നല്കാനില്ല; അതായത് നമ്മൾ നമ്മുടെ അവകാശം എടുക്കുന്നതായിരിക്കും.

അല്ലെങ്കിൽ അവർക്ക് ആ കപടതയ്ക്ക് അല്ലെങ്കിൽ പ്രതിജ്ഞാലംഘനത്തിന് എന്താണോ ശിക്ഷ അത് അവർക്ക് കിട്ടുന്നതായിരിക്കും.' നബി(സ)തിരുമേനി പറഞ്ഞു: 'എനിക്ക് ഒരു കാര്യത്തിനും കല്പന നല്കപ്പെട്ടിട്ടില്ല. ഞാൻ നിങ്ങളുടെ മുമ്പിൽവെച്ചത് എന്റെ വ്യക്തിപരമായ അഭിപ്രായമാണ്.' അവരിരുവരും പറഞ്ഞു: 'യാ റസൂലല്ലാഹ്! അവർ ജാഹിലിയ്യത്തിൽ നമുക്ക് ഇത്തരം അത്യാഗ്രഹം തോന്നിപ്പിച്ചിട്ടില്ല. അപ്പോൾപ്പിന്നെ ഇന്ന് എന്തിനാണ്? അല്ലാഹു അങ്ങു മുഖേന ഞങ്ങൾക്ക് സന്മാർഗം നല്കിക്കഴിഞ്ഞിരിക്കുകയാണല്ലോ? അതായത് ആദ്യം എങ്ങനെയാണോ അവരോടു പെരുമാറയിരുന്നത് അതുതന്നെയായിരിക്കും നടക്കുക.' അവരിരുവരുടേയും ഈ മറുപടി കേട്ട് നബി(സ)തിരുമേനി പുഞ്ചിരിച്ചു. (ഉസുദുൽഗാബ വാള്യം 2, പേജ് 442, സഅ്ദ് ബിൻ ഉബാദ, ദാറുൽകുതുബുൽ ഇൽമിയ്യ, ബേറൂത്ത്, ലബ്നാൻ 2003)

ഇതിന്റെ വശദീകരണം ഖൻദഖ് യുദ്ധത്തിലെ സംഭവങ്ങൾ വിവരിക്കുന്ന സ്ഥലത്ത് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) ഇപ്രകാരം വിവരിക്കുന്നു:

'ഇത് മുസ്‌ലിമീങ്ങൾക്ക് അങ്ങേയറ്റം ക്ലേശം നിറഞ്ഞതും പ്രയാസകരവും അപകടകരവുമായ നാളുകളായിരുന്നു. ഈ ഉപരോധം നീളുന്തോറും മുസ്‌ലിമീങ്ങളുടെ ശക്തി ദുർബലമായിക്കൊണ്ടിരിക്കുകയായിരുന്നു. എങ്കിലും അവരുടെ ഹൃദയം വിശ്വാസവും ആത്മാർഥതയുംകൊണ്ടു നിറഞ്ഞിരുന്നു. പക്ഷേ, ശരീരം പ്രകൃതി നിയമത്തിനു വിധേയമായി നടന്നുകൊണ്ടിരുന്നപ്പോൾ അവർ ക്ഷീണിതരായിക്കൊണ്ടുപോയി. അതായത് ഉപരോധം നീണ്ടു പൊയ്ക്കൊണ്ടിരുന്നപ്പോൾ വിശ്രമവും ആവശ്യത്തിന് ആഹാരവും ഇല്ലാത്തതു കാരണം തളർച്ചയും ക്ഷീണവും അവരെ പിടികൂടി. ഇത് ശരീരത്തിന് പ്രകൃതി സഹജമായിട്ടുണ്ടാകേണ്ടതുമായിരുന്നു. നബി(സ)തിരുമേനി അവരുടെ ഈ അവസ്ഥ കണ്ടപ്പോൾ അൻസ്വാറിന്റെ നേതാക്കളായ സഅ്ദുബ്നു മുആദിനെയും സഅ്ദ് ബിൻ ഉബാദയെയും വിളിപ്പിച്ച് അവസ്ഥ വിവരിച്ചുകൊടുത്തു. മുസ്‌ലിമീങ്ങളിലെ പാവപ്പെട്ടവരുടെ ഈ അവസ്ഥയിൽ നമ്മൾ എന്താണു ചെയ്യേണ്ടതെന്ന് അവരോടു അഭിപ്രായം ചോദിച്ചു. അതിനോടൊപ്പം ഇങ്ങനേയും അവിടന്ന് പറഞ്ഞു: 'നിങ്ങൾക്കു വേണമെങ്കിൽ ഗത്ഫാൻ ഗോത്രക്കാർക്ക് മദീനയുടെ നിക്ഷേപത്തിൽനിന്ന് കുറച്ചു നൽകി യുദ്ധം ഒഴിവാക്കാവുന്നതുമാണ്.' സഅ്ദ് ബിൻ മുആദും സഅ്ദ് ബിൻ ഉബാദയും ഏക സ്വരത്തിൽ പറഞ്ഞു: 'യാ റസൂലല്ലാഹ്! അങ്ങയ്ക്ക് ഇതു സംബന്ധമായി അല്ലാഹുവിൽ നിന്ന് വല്ല വെളിപാടുമുണ്ടായിട്ടുണ്ടെങ്കിൽ ഞങ്ങളിതാ തലകുനിക്കുന്നു. അങ്ങനെയെങ്കിൽ അങ്ങ് സസന്തോഷം ഈ അഭിപ്രായപ്രകാരം നടപടിയെടുത്തുകൊള്ളുക.' നബി(സ)തിരുമേനി പറഞ്ഞു: 'ഇല്ല, ഇതു സംബന്ധമായി എനിക്കൊരു വെളിപാടും ഉണ്ടായിട്ടില്ല. നിങ്ങളുടെ ബുദ്ധിമുട്ടുകൾ കണ്ടതുകൊണ്ടു മാത്രം ഒരു അഭിപ്രായം ആരായുക എന്ന രൂപത്തിൽ പറഞ്ഞതാണ്.' അപ്പോൾ ആ രണ്ടു സഅ്ദുമാരും മറുപടിയായി പറഞ്ഞു: 'അങ്ങനെയെങ്കിൽ ഞങ്ങളുടെ അഭിപ്രമായമിതാണ്, ബഹുദൈവ വിശ്വാസികളായിരുന്ന അവസ്ഥയിൽ ഞങ്ങൾ ഒരു ശത്രുവിനും ഒന്നും വിട്ടുകൊടുത്തിട്ടില്ല, എന്നിരിക്കെ ഇപ്പോൾ മുസ്‌ലിം ആയിരിക്കുന്ന അവസ്ഥയിൽ എന്തിനു നൽകണം.' അതായത് അവിടുത്തെ നിയമമനുസരിച്ച് പ്രവർത്തിക്കുന്നതായിരിക്കും. പിന്നീട് അവർ പറഞ്ഞു: 'നിശ്ചയമായും ഞങ്ങൾ അവർക്ക് വാളുകൊണ്ടുള്ള പ്രഹരമല്ലാതെ മറ്റൊന്നും നൽകുന്നതല്ല.' നബി(സ)തിരുമേനിക്ക് മദീനയിലെ യഥാർഥ നിവാസികളായ അൻസ്വാറിനെക്കുറിച്ചായിരുന്നു ചിന്തയുണ്ടായിരുന്നത്. ഒരു പക്ഷേ, ഈ അഭിപ്രായം ചോദിച്ചതുകൊണ്ടുള്ള നബി(സ)തിരുമേനിയുടെ ഉദ്ദേശ്യം അൻസാറിന്റെ മാനസികാവസ്ഥകളെക്കുറിച്ച് അറിയുക എന്നതായിരുന്നു. അതായത് അവർ ഈ ബുദ്ധിമുട്ടുകൾ കാരണം വിഷമത്തിലാണോ. ആണെങ്കിൽ അവരെ സന്തോഷിപ്പിക്കുക. അതിനാൽ അവിടന്ന് അവരുടെ ഈ അഭിപ്രായത്തെ അംഗീകരിക്കുകയും യുദ്ധം തുടരുകയും ചെയ്തു.(സീറത്തുഖാത്തമുന്നബിയ്യീൻ ഹദ്റത്ത് സാഹിബ് സാദ മിർസാ ബശീർ അഹ്മദ്(റ), പേജ് 589–590)

ഖൻദഖ് യുദ്ധത്തിന്റെ അവസ്ഥകൾ വിവരിച്ചുകൊണ്ട് സീറത്തുഖാത്തമുന്നബിയ്യീനിൽ, ബനൂഖുറയ്ള്വായുടെ രാജ്യദ്രോഹത്തെ പ്രതിപാദിച്ച് ഹദ്റത്ത് സാഹിബ് സാദ മിർസാ ബശീർ അഹ്മദ്(റ) എഴുതുന്നു:'

ഖൻദഖ് യുദ്ധാവസരത്തിൽ അബൂസുഫ്യാൻ തന്ത്രപരമായ ഒരു നീക്കം നടത്തി. രാത്രിയുടെ ഇരുളിൽ ബനൂഖുറയ്ള്വായുടെ കോട്ടയ്ക്ക് സമീപം പോകുകയും അവരുടെ നേതാവായ കഅബ് ബിൻ അസദിനെ കൂട്ടു പിടിച്ച് ബനൂഖുറയ്ള്വയെ തങ്ങളുടെ കൂടെ കൂട്ടാൻ ശ്രമിക്കുകയും ചെയ്യണമെന്ന് ബനൂ നദീർ ഗോത്രത്തിലെ യഹൂദി നേതാവായിരുന്ന ഹുയ്യിഅ് ബിൻ അഖ്ത്വബിന് അയാൾ നിർദേശം നൽകി. അങ്ങനെ ഹുയ്യിഅ് ബിൻ അഖ്ത്വബ് തക്കം നോക്കി കഅ്ബിന്റെ വീട്ടിലെത്തി. ആദ്യമൊക്കെ കഅ്ബ് അയാളുടെ വാക്ക് കേൾക്കുന്നത് നിഷേധിച്ചു. എന്നിട്ടു പറഞ്ഞു: 'മുഹമ്മദുമായി(സ) ഞങ്ങൾ പരസ്പര കരാറിലേർപ്പെട്ടിരിക്കുകയാണ്. മുഹമ്മദ്(സ) എല്ലായിപ്പോഴും ആ കരാറിനോട് കൂറു പുലർത്തി അത് പൂർത്തിയാക്കിയിട്ടുണ്ട്. അതിനാൽ എനിക്കവരോടു വിശ്വാസവഞ്ചന കാണിക്കാൻ സാധിക്കില്ല.' എന്നാൽ, ഹുയ്യിഅ് അയാൾക്ക് ഹരിതാഭമായ തോട്ടം കാണിച്ചു. അതായത് ഇസ്‌ലാമിന്റെ നാശം ഉടനെതന്നെ ഉണ്ടാകുന്നതാണെന്ന് വിശ്വസിപ്പിച്ചു. ഞങ്ങൾ ഇസ്‌ലാമിനെ ഉന്മൂലനം ചെയ്യാതെ മദീനയിൽനിന്ന് മടങ്ങിപ്പോകുകയില്ലെന്ന പ്രതിജ്ഞ എത്ര ആകർഷണീയമായ നിലയിൽ അവതരിപ്പിച്ചുവെന്നാൽ ഒടുവിൽ അയാൾ സമ്മതിച്ചു. ഇപ്രകാരം ബനൂഖുറയ്ള്വായുടെ ശക്തിയുടെ ഘനവും ആ ത്രാസിന്റെ തട്ടിൽ വന്ന് ചേർന്നു.' വെളിയിൽനിന്ന് കൂട്ടിചേർക്കാൻ വന്നവർ! 'അവർ ആദ്യമെതന്നെ ഒരുപാട് അതിലേക്ക് ചാഞ്ഞവരായിരുന്നു.' അതായത് ആദ്യമെ തന്നെ അവരിൽ ശക്തിയുണ്ടായിരുന്നു. ഭൗതികമായ ശക്തി ആദ്യമെ തന്നെ അവരിൽ മതിയാവോളമുണ്ടായിരുന്നു. ബനൂഖുറയ്ള്വായുടെ ഈ ഭയാനകമായ വിശ്വാസവഞ്ചനയെക്കുറിച്ച് നബി(സ)തിരുമേനി അറിഞ്ഞപ്പോൾ ആദ്യം രണ്ടുമൂന്നു തവണ സുബയ്ർ ബിൻ അൽ അവാമിനെ രഹസ്യമായി അവരുടെ അവസ്ഥകൾ അറിഞ്ഞു വരുന്നതിന് അയച്ചു. പിന്നീട് നിയമപരമായിത്തന്നെ ഔസിലെയും ഖദ്റജിലെയും നേതാക്കളായ സഅ്ദ് ബിൻ മുആദും സഅ്ദ് ബിൻ ഉബാദയും സ്വാധീനമുള്ള മറ്റു ചില സ്വഹാബാക്കളും ഉൾപ്പെട്ട ഒരു സംഘത്തെ ബനൂഖുറയ്ള്വായുടെ അടുത്തേക്ക് അയച്ചു. അവരോടു പറഞ്ഞു: 'എന്തെങ്കിലും അസ്വസ്ഥയുണ്ടാക്കുന്ന വാർത്തയാണെങ്കിൽ തിരിച്ചുവന്ന് അത് പരസ്യമായി പ്രകടിപ്പിക്കരുത്. മറിച്ച് സൂചനകൾ നല്കുക. ജനങ്ങളിൽ പരിഭ്രാന്തി ഉണ്ടാകാൻ പാടില്ല.'

ഈ സംഘം ബനൂഖുറയ്ള്വായുടെ വാസസ്ഥലത്തെത്തി. അവരുടെ നേതാവായ കഅ്ബ് ബിൻ അസദിന്റെ അടുത്തുപോയി. എന്നാൽ, ആ ഹതഭാഗ്യൻ അങ്ങേയറ്റം അഹങ്കാരത്തോടെയാണ് അവരെ കണ്ടത്. സഅ്ദുമാർ ഉടമ്പടിയുടെ കാര്യം പറഞ്ഞപ്പോൾ അയാളും അയാളുടെ ഗോത്രത്തിലെ ആളുകളും തെറ്റിപ്പിരിഞ്ഞുകൊണ്ടു പറഞ്ഞു: 'പോകൂ, മുഹമ്മദിനും(സ) ഞങ്ങൾക്കുമിടയിൽ ഒരുവിധ കരാറുമില്ല. ഇതു കേട്ട സ്വാഹാബത്തിന്റെ ഈ സംഘം അവിടെ നിന്നെഴുന്നേറ്റു വന്നു. സഅ്ദ് ബിൻ മുആദും സഅ്ദ് ബിൻ ഉബാദയും നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി ഉചിതമായ രീതിയിൽ അവിടുത്തെ അവസ്ഥകളെക്കുറിച്ചു വിവരം നൽകി.' (സീറത്തുഖാത്തമുന്നബിയ്യീൻ ഹദ്റത്ത് സാഹിബ് സാദ മിർസാ ബശീർ അഹ്മദ്(റ), പേജ് 584–585)

എന്തായാലും അവരുമായുള്ള യുദ്ധം അല്ലെങ്കിൽ അവർക്കു കിട്ടേണ്ടതായ ശിക്ഷ അത് തുടർന്നുകൊണ്ടേയിരുന്നു. ബനൂഖുറയ്ള്വയുദ്ധാവസരത്തിൽ ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ) എത്രയോ ഒട്ടകപ്പുറത്ത് നബി(സ)തിരുമേനിക്കും മുസ്‌ലിമീങ്ങൾക്കും ഈന്തപ്പഴം എത്തിക്കുകയുണ്ടായി. അത് അവർക്കെല്ലാവർക്കുമുള്ള ഭക്ഷണമായിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'ഈന്തപ്പഴം എത്ര നല്ല ആഹാരമാണ്.'(സുബുലുൽഹുദാ വർറശാദ് വാള്യം 5, പേജ് 6, ഗസവത്തു ബനൂഖുറയ്ള്വ, ദാറുൽകുതുബുൽഇൽമിയ്യാ ബേറൂത്ത് 1993)

മുഅത്ത യുദ്ധം നടന്നത് ഹിജ്റ എട്ടിൽ ജമാദുൽഅവ്വൽ മാസത്തിലാണ്. അതിൽ ഹദ്റത്ത് സയ്ദ്(റ) ശഹീദായി. അപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തിന്റെ ഭാര്യയുടെ അടുക്കൽ അനുശോചനമറിയിക്കാൻ പോയി. അപ്പോൾ അദ്ദേഹത്തിന്റെ മകൾ സങ്കടവും ബുദ്ധിമുട്ടുംകൊണ്ട് കരഞ്ഞ് നബി(സ)തിരുമേനിയുടെ അടുത്ത് വന്നു. അപ്പോൾ നബി(സ)തിരുമേനിയും കരഞ്ഞു. അതുകണ്ട് ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ) പറഞ്ഞു: 'യാ റസൂലല്ലാഹ്! എന്താണിത്! അവിടന്ന് പറഞ്ഞു: ഹാദാ ശൗഖുൽഹബീബി ഇലാ ഹബീബിഹീ 'ഇത് ഒരു പ്രണയിതാവിന് തന്റെ പ്രണയിതാവിനോടുള്ള സ്നേഹമാണ്.'(അത്ത്വബഖാത്തുൽ കുബ്റാ വാള്യം 3 പേജ് 34, സയ്ദ് ബിൻ ഹാരിഥ(റ),

'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.'
(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

"വ്യക്തിപരമായ നിലയിൽ ലയ്‌ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്."
(ജുമുഅ ഖുത്ബ 25–7–2014)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.**

പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യാ ബേറൂത്ത് 1990)

സ്വഹീഹ് ബുഖാരിയുടെ മറ്റൊരു നിവേദനമുണ്ട്. ഈ ആദ്യത്തേത് സ്വഹീഹ് ബുഖാരിയിലേതല്ലായിരുന്നു. ഈ സംഭവം വേറെയാണ്. സ്വഹീഹ് ബുഖാരിയുടെ നിവേദനത്തിൽനിന്നുള്ളതാണ്. ഹിശാം ബിൻ ഉർവ തന്റെ പിതാവിൽനിന്ന് നിവേദനം: 'മക്ക വിജയവർഷം നബി(സ)തിരുമേനി യാത്ര പുറപ്പെട്ടപ്പോൾ ആ വിവരം ഖുറയ്ശികൾക്കു ലഭിച്ചു. നബി(സ) തിരുമേനിയുടെ വിവരങ്ങൾ അറിയുവാൻ വേണ്ടി അബൂസുഫ്യാൻ, ഹക്കീം ബിൻ ഹിസാം, ബുദയ്ൽബിൻ വർഖാഅ് എന്നിവർ മക്കയിൽനിന്ന് പുറപ്പെട്ടു. 'മർറുള്ളഹ്റാൻ' എന്ന സ്ഥലത്തെത്തും വരേക്കും അവർ യാത്ര തുടർന്നു. അതായത് 'മർറുള്ളഹ്റാൻ' മക്കയുടെ ഭാഗത്തുള്ള ഒരു സ്ഥലമാണ്. അതിൽ ഒരുപാട് അരുവികളും ഈന്തപ്പനകളും തോട്ടങ്ങളുമുണ്ട്. ഇത് മക്കയിൽനിന്ന് 5 മൈൽ ദൂരത്താണുള്ളത്. അവിടെയെത്തിയപ്പോൾ പലയിടങ്ങളിലും അഗ്നി കത്തുന്നത് അവർകണ്ടു. അറഫാ ദിവസത്തെ അഗ്നിപോലെയുണ്ട്. അപ്പോൾ ഇതെന്താണെന്ന് അബൂസുഫ്യാൻ ചോദിച്ചു. ബുദയ്ൽ പറഞ്ഞു: 'ബനൂ അംറ് ഗോത്രക്കാരുടെ അഗ്നിയാണെന്ന് തോന്നുന്നു.' അതായത് ഖുസാഅ ഗോത്രത്തിന്റെ. അപ്പോൾ അബൂസു ഫ്യാൻ പറഞ്ഞു:'അംറിന്റെ ഗോത്രം ഈ എണ്ണത്തെക്കാൾ വളരെ കുറഞ്ഞതാണ്.' നബി(സ)തിരുമേനിയുടെ കാവൽക്കാരിൽ ചിലർ ഇവരെ കാണുകയും പിടികൂടി നബി(സ) തിരുമേനിയുടെ അടുക്കൽ വരികയും ചെയ്തു. അബൂസുഫ്യാൻ ഉടനെ ഇസ്‌ലാം സ്വീകരിച്ചു. നബി(സ)തിരുമേനി യാത്ര പുറപ്പെടാൻ ഉദ്ദേശിച്ചപ്പോൾ അബ്ബാസിനോടു പറഞ്ഞു: 'അബൂസുഫ്യാനെ കുതിരപ്പട മാർച്ച് ചെയ്യുന്ന ഇടുങ്ങിയ സ്ഥലത്തു നിറുത്തുക. അയാൾ മുസ്‌ലിമീങ്ങളെ കാണട്ടെ. അബ്ബാസ് അദ്ദേഹത്തെ ആ സ്ഥലത്തു നിറുത്തി. അങ്ങനെ ഓരോ ഗോത്രവും ചെറിയ സൈന്യവ്യൂഹങ്ങളായി നബി(സ)തിരുമേനിയുടെ പിന്നാലെ അബൂസുഫ്യാന്റെ മുമ്പിലൂടെ മാർച്ച് ചെയ്യാൻ തുടങ്ങി. ഇടയ്ക്ക് ഒരു സൈന്യവ്യൂഹം കടന്നുപോയപ്പോൾ അബൂസുഫ്യാൻ ചോദിച്ചു: 'അബ്ബാസേ! ഇവർ ആരാണ്?' 'ഇവർ ഗിഫ്ഫാർ ഗോത്രക്കാരാണ്', അബ്ബാസ് പറഞ്ഞു. അബൂസുഫ്യാൻ പറഞ്ഞു: 'എനിക്കും ഗിഫ്ഫാർകാർക്കുമിടയിൽ ഒരുവിധ ശത്രുതയുമില്ല.' ശേഷം ജുഹയ്നാ ഗോത്രക്കാർ കടന്നുപോയപ്പോഴും അതുപോലെ പറഞ്ഞു. പിന്നീട് സഹ്ദ് ബിൻ ഹുദയിം ഗോത്രക്കാർ കടന്നുപോയപ്പോഴും അങ്ങനെതന്നെ പറഞ്ഞു. പിന്നീട് സുലയിം കടന്നുപോയി. അപ്പോഴും അതാവർത്തിച്ചു. അവസാനം അദ്ദേഹം മുമ്പേയൊരിക്കലും കണ്ടിട്ടില്ലാത്ത വിധമുള്ള ഒരു സൈന്യവ്യൂഹം കടന്നുപോയപ്പോൾ അബൂസുഫ്യാൻ ചോദിച്ചു: 'ഇവരാരാണ്?' അബ്ബാസ് പറഞ്ഞു: 'ഇവരാണ് അൻസ്വാർ. ഇവരുടെ നേതാവാണ് സഅ്ദ് ബിൻ ഉബാദ. അദ്ദേഹമാണ് കൊടിപിടിച്ചിരിക്കുന്നത്.' അപ്പോൾ സഅ്ദ് ബിൻ ഉബാദ പറഞ്ഞു:'അബൂ സുഫ്യാനേ! ഇന്ന് യുദ്ധ ദിവസമാണ്. ഇന്നാണ് കഅ്ബയുടെ അടുത്തുവെച്ച് യുദ്ധം ചെയ്യുന്നത് ഹലാലായ ദിവസം.' അബൂസുഫ്യാൻ ഇതുകേട്ടു പറഞ്ഞു: 'അബ്ബാസേ! സത്യനിഷേധികളുടെ നാശ ദിവസം എത്ര നല്ല ദിവസമാണ്; പോരാട്ടത്തിന് അവസരം കിട്ടുകയാണെങ്കിൽ!'

അതായത് ഞാൻ മറുപക്ഷത്തായിരുന്നെങ്കിൽ, അല്ലെങ്കിൽ ഈ ഭാഗത്തായ കാരണത്താൽ എനിക്കും അവസരം കിട്ടിയിരുന്നെങ്കിൽ! കാരണം അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചിരുന്നു. അനന്തരം നബി(സ)തിരുമേനി ഉൾക്കൊള്ളുന്ന ഒരു ചെറിയ സൈന്യം അബൂസുഫ്യാന്റെ മുമ്പിലൂടെ കടന്നു പോയി. അക്കൂട്ടത്തിൽ നബി(സ)തിരുമേനിയുടെ അനുചരന്മാരിൽ പ്രധാനികളുമുണ്ടായിരുന്നു. കൊടിപിടിച്ചിരുന്നത് ഹദ്റത്ത് സുബയ്ർ ബിൻ അവ്വാം ആയിരുന്നു. നബി(സ)തിരുമേനി കടന്നുപോയപ്പോൾ അബൂസുഫ്യാൻ ഇപ്രകാരം ചോദിച്ചു: 'സഅ്ദ് പറഞ്ഞത് താങ്കൾ അറിഞ്ഞില്ലേ? എന്താണ് അദ്ദേഹം പറഞ്ഞതെന്ന് നബി(സ)തിരുമേനി ചോദിച്ചു.' 'ഇന്നിന്നതെല്ലാം പറഞ്ഞുവെന്ന് അബൂസുഫ്യാൻ ഉണർത്തി.' അതായത് അദ്ദേഹം പറഞ്ഞ വാക്കുകളെല്ലാം ഉരുവിട്ടു. നബി(സ)തിരുമേനി പറഞ്ഞു: 'സഅ്ദ് പറഞ്ഞത് തെറ്റാണ്. അല്ലാഹു കഅ്ബയെ ആദരിക്കുന്ന ഒരു ദിവസമാണിന്ന്;കഅ്ബയുടെമേൽ വിരിയിട്ടു മൂടുന്ന ദിവസവും. ഒരു യുദ്ധവും ഉണ്ടാകുകയില്ല.' (സ്വഹീഹ് ബുഖാരി, കിതാബുൽമഗാസി, ഹദീഥ് 4280)(മുഅ്ജമുൽബുൽദാൻ വാല്യം 4 പേജ് 247)

ഈ സംഭവം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) അല്പം വിശദീകരണത്തോടുകൂടി വിവരിച്ചിരിക്കുന്നു. അതിങ്ങനെയാണ്:

"മുസ്‌ലിമീങ്ങൾ മക്കയിലേക്ക് മാർച്ച് ചെയ്തുകൊണ്ടിരിക്കുമ്പോൾ, മുസ്‌ലിം സൈന്യത്തിന്റെ മാർച്ച്പാസ്റ്റ് നല്ലവണ്ണം നോക്കിക്കാണാൻ കഴിയുന്ന ഒരു സ്ഥാനത്ത് അബൂസുഫ്യാനെയും സ്നേഹിതരെയും നിറുത്തുന്നതിന് നബി(സ)തിരുമേനി, അബ്ബാസിനോട് കൽപിച്ചിരുന്നു. അബ്ബാസ്(റ)അപ്രകാരം ചെയ്തു. ആരുടെ ബലത്തിന്മേലാണോ മക്കക്കാർ ഇക്കാലമത്രയും ഇസ്‌ലാമിനെതിരെ നിരന്തരഗൂഢാലോചനകളിൽ ഏർപ്പെട്ടുകൊണ്ടിരുന്നത്, അതേ അറബ് ഗോത്രങ്ങൾ മാർച്ചു ചെയ്യുന്നത് അബൂസുഫ്യാനും കൂട്ടാളികളും ആ കേന്ദ്രത്തിൽനിന്നുകൊണ്ട് വീക്ഷിച്ചു. അന്നേദിവസം അവർ മാർച്ചു ചെയ്തതു അവിശ്വാസികളുടെ പട്ടാളക്കാരായിട്ടല്ല, വിശ്വാസിഭടന്മാരായിട്ടായിരുന്നു. അന്നേ ദിവസം അവരുയർത്തിയ മുദ്രാവാക്യങ്ങൾ വിഗ്രഹാരാധക മുദ്രാവാക്യങ്ങളല്ല, ഇസ്‌ലാമിക മുദ്രവാക്യങ്ങളായിരുന്നു. അന്നേ ദിവസം അവരണിയണിയായി മുന്നോട്ടു നീങ്ങിയത് നബി(സ)തിരുമേനിയുടെ ജീവിതത്തിന് വിരാമമിടാനല്ല, ആ പുണ്യപൂമാന്റെ ജീവനെ രക്ഷിക്കുന്നതിനുവേണ്ടി തങ്ങളുടെ ജീവൻ കുരുതികൊടുക്കാനായിരുന്നു. നബി(സ)തിരുമേനിയുടെ ചോരയൊഴുക്കാനല്ല, ആ മഹാത്മാവിനുവേണ്ടി തങ്ങളുടെ ചെഞ്ചോര ചൊരിയുവാനായിട്ടായിരുന്നു. നബി(സ)തിരുമേനിയുടെ സന്ദേശം പരക്കുന്നതിനെ തടയുകയും അറബ് ഐക്യനിരയെ ശക്തിപ്പെടുത്തുകയും ആയിരുന്നില്ല അവരുടെ ഉന്നം. ഇക്കാലമത്രയും തങ്ങൾ എതിർക്കുകയും അടിച്ചമർത്താൻ പാടുപെടുകയും ചെയ്ത അതേ സന്ദേശത്തെ ദിഗന്തങ്ങളിൽ മാറ്റൊലി കൊള്ളിക്കാനുള്ള ആവേശത്തിമർപ്പായിരുന്നു അന്നവരിൽ കാണപ്പെട്ടിരുന്നത്. മനുഷ്യജാതിയുടെ ഐക്യവും ഏകത്വവും ലോകത്ത് സ്ഥാപിക്കുകയായിരുന്നു അവരുടെ ലക്ഷ്യം!ആ കാലാൾപട അടിവെച്ചടിവെച്ചു മുന്നോട്ടു നീങ്ങി. ഒടുവിൽ, അശ്ജാഗോത്രക്കാർ അബൂസുഫ്യാന്റെ ദൃഷ്ടിപഥത്തിലൂടെ നീങ്ങിത്തുടങ്ങി. ഭക്തിയും ആത്മത്യാഗപരമായ ആവേശവും അവരുടെ മുഖകമലങ്ങളിൽ പ്രതിഫലിച്ചിരുന്നു. അവരുയർത്തിയ മുദ്രാവാക്യങ്ങളിലും അവർ പാടിയ സമരഗാനങ്ങളിലും അതു പ്രകടമായിരുന്നു.

"ഇവർ ഏതാണ്?" അബൂസുഫ്യാൻ ചോദിച്ചു.

"അശ്ജാ ഗോത്രക്കാർ!"

അത്ഭുതപരതന്ത്രനായ അബൂസുഫ്യാൻ പറഞ്ഞു: "മുഹമ്മദിനോടു ഇവരോളം ശത്രുത പുലർത്തിയിരുന്നവർ ഈ അറബ് നാട്ടിൽ മറ്റൊരു ഗോത്രക്കാരുമുണ്ടായിരുന്നില്ല."

"ദൈവാനുഗ്രഹമാണത്! സമയമെത്തിയപ്പോഴേക്കും അല്ലാഹു ഇസ്‌ലാമിന്റെ ശത്രുക്കളുടെ ഹൃദയങ്ങളിൽ പരിവർത്തനമുണ്ടാക്കി." അബ്ബാസ് ചൂണ്ടിക്കാട്ടി.

ഒടുവിലായി, അതാ നബി(സ)തിരുമേനി എഴുന്നള്ളുന്നു! അൻസ്വാറും മുഹാജിറുകളും നബി(സ)തിരുമേനിയുടെ ചുറ്റിലും അണിനിരന്നിരിക്കുകയാണ്. പോർച്ചട്ടകളണിഞ്ഞ ആ പടയാളികൾ രണ്ടായിരത്തോളമുണ്ടാകും. അവരെ നയിച്ചിരുന്നത് പുരുഷകേസരിയായ ഹദ്റത്ത് ഉമർ(റ)! ആ കാഴ്ച ആനന്ദപ്രദവും ഹൃദയഹാരിയും ആയിരുന്നു. ആ മുസ്‌ലിമീങ്ങളിൽ ഭക്തിവിശ്വാസങ്ങളും നിശ്ചയദാർഢ്യവും ആവേശവും നിറഞ്ഞു തുളുമ്പി. അബൂസുഫ്യാൻ ആ കാഴ്ച കണ്ടമ്പരന്നു പോയി!

"ഇവരേതാണ്?" അബൂസുഫ്യാൻ ചോദിച്ചു.

"അൻസ്വാറും മുഹാജിരീങ്ങളും. അവർ നബി(സ)തിരുമേനിക്ക് അകമ്പടി സേവിക്കുകയാണ്." അബ്ബാസ്(റ)മറുപടി നൽകി.

അബൂസുഫ്യാൻ പ്രസ്താവിച്ചു:

"ലോകത്ത് ഒരു ശക്തിക്കുംതന്നെ ഇവരെ കീഴ്പ്പെടുത്താൻ കഴിയുകയില്ല. അബ്ബാസ്! ഭവാന്റെ സഹോദരപുത്രൻ ലോകത്തുവച്ച് ഏറ്റവും പ്രതാപമുള്ള രാജാവായിത്തീർന്നിരിക്കുന്നു!"

"അബൂസുഫ്യാൻ, അപ്പറഞ്ഞതു ശരിയല്ല! അദ്ദേഹം രാജാവല്ല, ഒരു പ്രവാചകനാണ്. ദൈവദൂതൻ!" അബ്ബാസ്(റ) തിരുത്തിക്കൊടുത്തു.

"അതെയതെ, താങ്കൾ പറഞ്ഞപോലെതന്നെ! ഒരു പ്രവാചകൻ; രാജാവല്ല!" അബൂസുഫ്യാൻ സമ്മതിച്ചു.

മുസ്‌ലിം സൈന്യം മാർച്ചു ചെയ്തുകൊണ്ടിരിക്കെ അൻസ്വാറിന്റെ ഒരു സേനാനായകനായ സഅ്ദ് ബിൻ ഉബാദാ, അബൂസുഫ്യാൻ

**അല്ലാഹുവിന്റെ കലാം:**

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'**
**(2:43)**

ത്വാലിബെ ദുആ:
K.Muhammad Shareef & Family
Ahmadiyya Jama-ath Vaniyambalam, Kerala.

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'ഭൗതികശക്തികൾ ഇസ്‌ലാം-അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

ത്വാലിബെ ദുആ:
P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.

സൈന്യവ്യൂഹത്തെ വീക്ഷിച്ചു കൊണ്ടിരിക്കുന്നതു കണ്ടു. ബലം പ്രയോഗിച്ച് മക്കയിൽ പ്രവേശിക്കുവാൻ തങ്ങൾ അനുവദിക്കപ്പെട്ടിരിക്കുന്നുവെന്നും ഖുറയ്ശികൾ എളിമയിലാകാൻ പോകുന്നുവെന്നും സഅ്ദ് തദവസരത്തിൽ പറഞ്ഞുപോയി.

നബി(സ)തിരുമേനി അടുത്തെത്തിയപ്പോൾ അബുസുഫ്യാൻ ഉച്ചത്തിൽ വിളിച്ചു ചോദിച്ചു: "അങ്ങ് അവിടത്തെ ഭ്രാതൃജനത്തെ കൂട്ടക്കൊല ചെയ്യാൻ അനുവദിച്ചിരിക്കുകയാണോ? അൻസ്വാറിന്റെ സൈന്യനായകനായ സഅ്ദ് അപ്രകാരം പറയുന്നത് കേട്ടല്ലോ. ഇന്നു കൊലദിനമാണെന്ന് അവർ പറയുന്നു. മക്കയുടെ പവിത്രതയെ ഗൗനിക്കാതെ തങ്ങൾ ചോരയൊഴുക്കുമെന്നും ഖുറയ്ശികളെ എളിമയിലാക്കുമെന്നും അവർ പറയുന്നു. അല്ലയോ പ്രവാചകരേ, അങ്ങ് ഏറ്റവും ബഹുമാന്യനാണ്. അങ്ങ് കാരുണ്യവാനാണ്; ധന്യനാണ്; അങ്ങയുടെ ജനം ചെയ്തുപോയ തെറ്റുകളെല്ലാം അങ്ങ് പൊറുക്കുകയും മറക്കുകയും ചെയ്യില്ലേ?"

അബൂസുഫ്യാന്റെ അഭ്യർഥന ഫലിച്ചു! മക്കാനഗരത്തിലെ തെരുവീഥികളിൽവച്ച് അവഹേളിക്കപ്പെടുകയും ഹിംസിക്കപ്പെടുകയും ചെയ്ത അതേ മുസ്‌ലിമീങ്ങൾ, മക്കക്കാരാൽ സ്വന്തം ഭവനങ്ങളിൽ നിന്ന് ആട്ടിയോടിക്കപ്പെടുകയും പൈശാചികമായി മർദിക്കപ്പെടുകയും ചെയ്ത അതേ മുസ്‌ലിമീങ്ങൾ, തങ്ങളുടെ ആ പഴയ മർദകരുടെ നേരെ കാരുണ്യവും അനുകമ്പയും ചൊരിയുകയായി!

അവർ പറഞ്ഞു, "അല്ലയോ പ്രവാചകരേ, ഞങ്ങളോട് മക്കക്കാർ ചെയ്ത കൊടും ക്രൂരതകളെയും മർദനങ്ങളെയും കുറിച്ചറിഞ്ഞ അൻസ്വാർ പ്രതികാരത്തിനു ഒരുമ്പെട്ടേയ്ക്കാം; അവരെന്താണ് ചെയ്യുകയെന്നു ഞങ്ങൾക്ക് മനസ്സിലാകുന്നില്ല! നബി(സ)തിരുമേനി, അബൂസുഫ്യാന്റെ നേരെ തിരിഞ്ഞു കൊണ്ടു പറഞ്ഞു; "സഅ്ദ് പറഞ്ഞത് തികച്ചും തെറ്റാണ്. ഇന്നു കൊലദിനമല്ല, ഇന്നു മാപ്പിന്റെ ദിവസമാകുന്നു! ഖുറയ്ശികളും കഅ്ബയും ദൈവത്താൽ ആദരിക്കപ്പെടും!"

ശേഷം അവിടന്ന് ഒരാളെ സഅ്ദിന്റെയടുത്തേക്കയച്ചിട്ടു പറഞ്ഞു: 'താങ്കളുടെ പതാക സ്വന്തം മകനായ ഖയ്സിനു നൽകുക. അദ്ദേഹം താങ്കളുടെ സ്ഥാനത്ത് അൻസ്വാറിന്റെ കമാൻഡർ ആയിരിക്കും.' ഇത്തരത്തിൽ അവിടന്ന് മക്കക്കാരുടെ മനസ്സിനും ആശ്വാസം നൽകി, അൻസ്വാറിന്റെ ഹൃദയത്തിന് ക്ഷതമേൽക്കാതെ സംരക്ഷിക്കുകയും ചെയ്തു. നബി(സ)തിരുമേനിക്ക് ഖയ്സിൽ പരിപൂർണ വിശ്വാസമായിരുന്നു. എന്തെന്നാൽ ഖയ്സ് വളരെ മാന്യനായ ഒരു യുവാവായിരുന്നു.'

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'അദ്ദേഹത്തിന്റെ മാന്യതയുടെ അവസ്ഥ എന്തായിരുന്നുവെന്നാൽ, ചരിത്രത്തിലെഴുതിയിരിക്കുന്നു, അദ്ദേഹത്തിന്റെ മരണത്തോടടുത്ത് ചിലയാളുകൾ അദ്ദേഹത്തിന്റെ രോഗവിവരം അറിയാൻ വന്നു. ചിലർ വന്നതുമില്ല. അദ്ദേഹം തന്റെ സുഹൃത്തുക്കളോടു ചോദിച്ചു:'എന്നെ അറിയുന്ന ചിലയാളുകൾ എന്നെ കാണാൻ വരാഞ്ഞതെന്താണ്?' അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ പറഞ്ഞു: 'അങ്ങ് വലിയ സമ്പന്നനാണ്.' ഖയ്സ് വളരെ സമ്പന്നനായിരുന്നു. 'ആളുകളെ ഒരുപാട് സഹായിച്ചിരുന്നു. അങ്ങ് ഓരോ വ്യക്തിക്കും അയാളുടെ ബുദ്ധിമുട്ടിന്റെ നേരത്ത് കടം കൊടുക്കാറുണ്ടായിരുന്നു. ആരെങ്കിലും ചോദിച്ചാൽ കടം കൊടുക്കും. നഗരത്തിലെ ഒരുപാടാളുകൾ അങ്ങയ്ക്ക് കടം വീട്ടാനുണ്ട്. അതുകൊണ്ട് അവർ അങ്ങയെ കാണാൻ വന്നില്ല. ഒരുപക്ഷേ, അങ്ങയ്ക്ക് ഈ അവസ്ഥയിൽ അതിന്റെ ആവശ്യമുണ്ടാകും. അങ്ങ് അവരോടു ചോദിച്ചാലോ!' എന്ന് അവർ കരുതിയിരിക്കും.' കടം നല്കിയിട്ടുള്ളത് തിരിച്ചു ചോദിക്കാതിരിക്കുക. തന്റെ സ്നേഹിതന്മാർക്ക് അകാരണമായി വിഷമമുണ്ടായതിൽ അദ്ദേഹം സങ്കടപ്പെട്ടു. ആരൊക്കെ ഖയ്സിൽനിന്ന് കടം വാങ്ങിയിട്ടുണ്ടോ അവരുടെ കടമെല്ലാം ഖയ്സ് മാപ്പാക്കിയിരിക്കുന്നുവെന്ന് എല്ലാ നഗരങ്ങളിലും വിളംബരം ചെയ്യാൻ അദ്ദേഹം പറഞ്ഞു. പിന്നീട് എത്രയധികം ആളുകൾ അദ്ദേഹത്തെ കാണാൻ വന്നുവെന്നാൽ അവരുടെ ഭാരംകൊണ്ട് അദ്ദേഹത്തിന്റെ വീടിന്റെ ഗോവണിപ്പടി തകർന്നുപോയി.' (ദീബാച്ച തഫ്സീറുൽ ഖുർആൻ, അൻവാറുൽഉലൂം വാള്യം 20 പേജ് 341–343)

ഹുനയ്ൻ യുദ്ധം. ഇതിന്റെ മറ്റൊരു പേരാണ് ഹവാസിൻ യുദ്ധം. ഹുനയ്ൻ മക്കയ്ക്കും ത്വാഇഫിനുമിടയിൽ മക്കയിൽനിന്ന് 30 മൈൽ ദൂരത്ത് സ്ഥിതി ചെയ്യുന്ന ഗിരിപ്രാന്ത പ്രദേശമാണ്. ഹുനയ്ൻ യുദ്ധം ഹിജ്റ 8 ശവ്വാൽ മാസത്തിൽ മക്ക വിജയത്തിനുശേഷമാണ് നടന്നത്. ആ യുദ്ധത്തിൽ കിട്ടിയ യുദ്ധമുതലുകൾ നബി(സ) തിരുമേനി മുഹാജിരീംകളിൽ വിതരണം ചെയ്തു. അൻസ്വാർ തങ്ങളുടെ മനസ്സിൽ ഇക്കാര്യം അനുഭവിച്ചറിഞ്ഞു. ഇതുസംബന്ധമായി വിശദമായ ഒരു നിവേദനം മുസ്നദ് അഹ്മദ് ബിൻ ഹമ്പലിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. ഹദ്റത്ത് അബൂസയീദ് ഖുദ്രി(റ)നിവേദനം. 'നബി(സ)തിരുമേനി ഖുറയ്ശികളിലും മറ്റു അറേബ്യൻ ഗോത്രങ്ങളിലും യുദ്ധമുതൽ വിതരണം ചെയ്തപ്പോൾ അൻസ്വാറിന് ഒന്നും കിട്ടിയില്ല. ഈ സമീപനം അൻസ്വാറിന്റെ ഇടയിലും സംസാരവിഷയമായി. അവർ പരസ്പരം പരിഭവപ്പെട്ടു. എത്രത്തോളമെന്നാൽ അവരിൽനിന്നുള്ള ഒരാൾ പറഞ്ഞു: 'നബി(സ)തിരുമേനി തന്റെ സ്വഗോത്രക്കാരോടുകൂടെയാണിപ്പോൾ. നമ്മെ മറന്നുപോയി. മുഹാജിറുകൾക്കാണ് നല്കിയത്.' ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ), നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി ബോധിപ്പിച്ചു. യാ റസൂലല്ലാഹ്! ഈ ഗോത്രം അതായത് അൻസ്വാർ അങ്ങയെ സംബന്ധിച്ച് എന്തോ ചിലത് മനസ്സിൽ വെച്ചിരിക്കുന്നു. അങ്ങ് അങ്ങയുടെ ജനതയിലും വിവിധ അറേബ്യൻ ഗോത്രങ്ങളിലും യുദ്ധമുതൽ വിതരണം ചെയ്തു. അൻസ്വാറിന് അതിൽനിന്ന് ഒന്നും കിട്ടിയില്ല.' അവിടന്ന് ചോദിച്ചു: 'സഅ്ദേ! ഇക്കാര്യത്തിൽ താങ്കൾ ആരുടെ കൂടെയാണ്? താങ്കൾ താങ്കളെ കുറിച്ച് പറയുക.' അദ്ദേഹം പറഞ്ഞു: 'യാ റസൂലല്ലാഹ്! ഞാൻ എന്റെ ജനതയിലെ ഒരംഗം മാത്രമാണ്. എനിക്കെന്ത് നിലയാണുള്ളത്? നബി(സ) തിരുമേനി പറഞ്ഞു: 'താങ്കളുടെ ജനതയെ ഈ മുറ്റത്ത് സമ്മേളിപ്പിക്കുക.' അതായത് അവിടെ വലിയൊരു മുറ്റമുണ്ടായിരുന്നു. ഒരു സ്ഥലമുണ്ടായിരുന്നു. അവിടെ കൊണ്ടുപോകാൻ പറഞ്ഞു. അങ്ങനെ ഹദ്റത്ത് സഅ്ദ് പുറപ്പെട്ടു. അദ്ദേഹം അൻസ്വാറിനെ സംഘടിപ്പിച്ചു. കുറച്ചു മുഹാജിറുകളും വന്നു. ഹദ്റത്ത് സഅ്ദ്(റ) അവർ ഉള്ളിൽ വരാൻ അനുവദിച്ചു. മറ്റു കുറച്ചാളുകളും വന്നു. അപ്പോൾ സഅ്ദ് അവരെ തടഞ്ഞു. എല്ലാവരും ഒരുമിച്ചു കൂടിക്കഴിഞ്ഞപ്പോൾ ഹദ്റത്ത് സഅ്ദ്(റ), നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഹാജരായിക്കൊണ്ടു പറഞ്ഞു: 'അൻസ്വാർ സമ്മേളിച്ചിട്ടുണ്ട്.' നിവേദകൻ പറയുന്നു: നബി(സ) തിരുമേനി അവരുടെ അടുത്തുവന്നു. അല്ലാഹുവിനെ സ്തുതിക്കുകയും പ്രകീർത്തിക്കുകയും ചെയ്തതിനുശേഷം പറഞ്ഞു. "അൻസ്വാർ സമൂഹമേ! യുദ്ധമുതലുകളുടെ വിതരണത്തിൽ നിങ്ങൾ അസംതൃപ്തി പ്രകടിപ്പിച്ചുകൊണ്ട് സംസാരിച്ചതായി എനിക്കറിയാൻ കഴിഞ്ഞു. ഞാൻ നിങ്ങളുടെ അടുത്തു വന്നപ്പോൾ നിങ്ങൾ അപഥസഞ്ചാരം ചെയ്യുകയായിരുന്നു. അങ്ങനെ ഞാൻ വഴി അല്ലാഹു നിങ്ങളെ നേർവഴിയിൽ ആക്കിയില്ലേ? ദരിദ്രരായ നിങ്ങളെ അല്ലാഹു സമ്പന്നരാക്കിയില്ലേ? പരസ്പരം ശത്രുക്കളായ നിങ്ങളുടെ ഇടയിൽ ഞാൻ മുഖേന അല്ലാഹു മാനസിക ഐക്യം സംജാതമാക്കിയില്ലേ? 'തീർച്ചയായും അല്ലാഹുവും അവന്റെ ദൂതരും ചെയ്ത ഔദാര്യത്തിന് ഞങ്ങൾ കടപ്പെട്ടവർതന്നെ.' അൻസ്വാർ പ്രതിവചിച്ചു. ഞാനൊന്ന് ചോദിച്ചാൽ നിങ്ങൾ മറുപടി പറയുമോ? നബി(സ) തിരുമേനി ആരാഞ്ഞു. 'അല്ലാഹുവിന്റെ ദൂതരേ! എന്തു മറുപടിയാണ് അങ്ങ് ഞങ്ങളിൽനിന്നും പ്രതീക്ഷിക്കുന്നത്? ഞങ്ങളുടെ സമസ്ത കടപ്പാടും അല്ലാഹുവിനോടും അവന്റെ ദൂതരോടുമാണ്.' അവർ പറഞ്ഞു. നബി(സ) തിരുമേനി തുടർന്നു. "നിങ്ങൾ ഒരു പക്ഷേ, പറഞ്ഞേക്കും സ്വജനങ്ങളാൽ അവിശ്വസിക്കപ്പെട്ട് നീ ഞങ്ങളുടെ അടുക്കൽ വന്നപ്പോൾ ഞങ്ങൾ നിന്നിൽ വിശ്വസിച്ചില്ലേ? നിർവീര്യനും തിരസ്കൃതനും, ദീനനുമായി വന്ന നിനക്ക് ഞങ്ങൾ അഭയവും സഹായവും ശുശ്രൂഷയും നൽകിയില്ലേ? നിങ്ങളുടെ മറുപടി ഇതാണെങ്കിൽ തീർച്ചയായും അത് ശരിയാണ്. ഞാനത് സമ്മതിക്കുന്നു. അൻസ്വാർ സമൂഹമേ! ഒരുകൂട്ടമാളുകളെ ഇസ്‌ലാമിലേക്കാകർഷിക്കാൻ നിസ്സാരമായ ഭൗതികദ്രവ്യം നൽകിയതിലാണോ നിങ്ങൾ മനഃസ്താപപ്പെടുന്നത്? അവരുടെ വിശ്വാസദൃഢീകരണത്തിന് ഭൗതികദ്രവ്യം ആവശ്യമാണെന്ന് ഞാൻ കാണുന്നു. അതേ അവസരത്തിൽ നിങ്ങളുടെ വിശ്വാസം അതിന്റെയൊന്നും ആവശ്യമില്ലാത്തവിധം സ്വച്ഛവും ബലിഷ്ഠവുമാണ്. അൻസ്വാർ സമൂഹമേ! ജനങ്ങൾ ആടുമാടുകളെയുമായി പോവുമ്പോൾ നിങ്ങൾ അല്ലാഹുവിന്റെ ദൂതരുമായി തിരിച്ചുപോവുന്നത് നിങ്ങൾക്കിഷ്ടമില്ലേ? മുഹമ്മദിന്റെ ആത്മാവ് ആരുടെ കൈയിലാണോ അവനാണ! ഹിജ്റ ഉണ്ടായിരുന്നില്ലെങ്കിൽ ഞാനും അൻസ്വാറിൽപെട്ട ഒരാളാകുമായിരുന്നു. എന്റെ

## ഹദീഥുന്നബ്‌വി (സ):

***ആഇശ(റ)പറയുന്നു:'നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടിരുന്നു.'***
***(ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 3)***

ത്വാലിബെ ദുആ
P.P.Raheem & Family
Ahmadiyya Jama-ath Payangadi, Kerala.

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.'**
**(ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala.

ജനം മക്കയിലാണ് എന്നതൊഴിച്ചാൽ ഞാനും നിങ്ങളും തമ്മിൽ ഒരു ഭേദവുമില്ല. ജനങ്ങളെല്ലാം ഒരു വഴിയിൽ പ്രവേശിക്കുകയും അൻസ്വാർ മറ്റൊരു വഴിയിൽ പ്രവേശിക്കുകയും ചെയ്താൽ തീർച്ചയായും അൻസ്വാറിനോടൊപ്പമായിരിക്കും ഞാൻ. അല്ലാഹുവേ! അൻസ്വാറിനേയും അവരുടെ സന്തതികളുടേയും സന്തതികളുടെ സന്തതികളുടേയുംമേൽ നിന്റെ കാരുണ്യാനുഗ്രഹങ്ങൾ ചൊരിഞ്ഞാലും. നിവേദകൻ പറയുന്നു: ഇതുകേട്ടപ്പോൾ ഞങ്ങളുടെ ഓഹരിയായി അല്ലാഹുവിന്റെ ദൂതരേ ഞങ്ങൾ തൃപ്തിപ്പെട്ടിരിക്കുന്നു. ഇതുപറയുമ്പോൾ അവരുടെ നയനങ്ങളിൽനിന്നും അശ്രുധാര ഒഴുകുന്നുണ്ടായിരുന്നു. പിന്നീട് നബി(സ)തിരുമേനി തിരിച്ചുപോയി. ജനങ്ങളും പിരിഞ്ഞുപോയി.' (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, വാള്യം 4, പേജ് 192–193 മുസ്നദ് അബീസയീദിൽ ഖുദ്രീ(റ), പ്രസാധകർ ആലമുൽകുതുബ് ബേറൂത്ത് 1998) (അറ്റ്ലസ് സീറത്തെ നബ്വി, പേജ് 408–409, പ്രസാധകർ ദാറുസ്സലാം അർരിയാള് 1424 ഹിജ്രി) (അസ്സീറത്തുൽഹൽബിയ്യാ, വാള്യം 3, പേജ് 163 –175 ഗസ്വ അത്ത്വാഇഫ്, പ്രസാധകർ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002)

ഹജ്ജത്തുൽ വിദാഇനുവേണ്ടി മദീനയിൽനിന്ന് യാത്ര ചെയ്ത് നബി(സ) തിരുമേനി ഹജ്ജ് ചെയ്യുന്നിടത്തെത്തിയപ്പോൾ അവിടത്തെ യാത്രാമൃഗം കാണാതായി. നബി(സ)തിരുമേനിയുടേയും ഹദ്റത്ത് അബൂബക്കർ(റ)ന്റേയും ഒരെണ്ണം തന്നെയായിരുന്നു. ഹദ്റത്ത് അബൂബക്കറിന്റെ അടിമയുടെ കൈയിലായിരുന്നു അത്. അവനിൽനിന്ന് രാത്രിയിൽ കളഞ്ഞുപോയി. ഹദ്റത്ത് സ്വഫ്വാൻ ബിൻ മുഅത്ത്വൽ യാത്രാസംഘത്തിന്റെ ഏറ്റവും പിന്നിലായിരുന്നു. അദ്ദേഹം ആ ഒട്ടകത്തെ കൂട്ടിക്കൊണ്ടുവന്നു. എല്ലാ സാധനങ്ങളും അതിന്മേലുണ്ടായിരുന്നു.

ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ) ഇതറിഞ്ഞപ്പോൾ തന്റെ മകൻ ഖയ്സിന്റെകൂടെ യാത്രയ്ക്കുള്ള പാഥേയം നിറച്ച ഒരു ഒട്ടകവുമായി അവിടെ എത്തിച്ചേർന്നു. എല്ലാ സാധനങ്ങളും അതിന്മേൽ കയറ്റിയിരുന്നു. അദ്ദേഹം നബി(സ) തിരുമേനിയുടെ അടുത്തുവന്നു. നബി(സ)തിരുമേനി അപ്പോൾ തന്റെ വീടിന്റെ പടിവാതിൽക്കൽ നിൽക്കുകയായിരുന്നു. അപ്പോഴാണ് അല്ലാഹു തന്റെ സാധനം കയറ്റിയ വാഹനം തിരിച്ചു നല്കിയത്. അതായത് ആ സമയത്തിന്നിടയിൽ കളഞ്ഞുപോയ ഒട്ടകത്തെ തിരിച്ചു കിട്ടി. അവിടെ എത്തിയ സഅ്ദ് പറഞ്ഞു:'യാ റസൂലല്ലാഹ്! അങ്ങയുടെ സാധനം കയറ്റിയ യാത്രാ വാഹനം കാണാതായി എന്നറിയാൻ കഴിഞ്ഞു. അതിനു പകരമായി ഇതാ ഞങ്ങളുടെ യാത്രാമൃഗത്തെ എടുത്താലും. ഈ ഞങ്ങളുടെ യാത്രാവാഹനം അതിനു പകരമാണ്.' അപ്പോൾ നബി(സ) പറഞ്ഞു: 'അല്ലാഹു എന്റെ യാത്രാമൃഗത്തെ തിരിച്ചുകൊണ്ടു വന്നിരിക്കുന്നു.' അതായത് കാണാതെപോയ അത് കണ്ടെത്തിയിരിക്കുന്നു. 'നിങ്ങളിരുവരും നിങ്ങളുടെ യാത്രാവാഹനം കൊണ്ടുപൊയ്ക്കൊള്ളുക. അല്ലാഹു നിങ്ങളിരുവരിലും അനുഗ്രഹം ചൊരിയുമാറാകട്ടെ.'(സുബുലുൽഹുദാ വർറശാദ് വാള്യം 8, പോജ് 460, ദാറുൽകുതുബുൽ ഇൽമിയ്യാ ബേറൂത്ത് 1993) (കിതാബുൽമഗാസി വാള്യം 3, പേജ് 1093, പ്രസാധകർ ആലമുൽകുതുബ് ബേറൂത്ത് 1984)

ഹദ്റത്ത് ഉസാമ ബിൻ സയ്ദ് വിവരിക്കുന്നു: 'തന്റെ പുത്രന് മരണം ആസന്നമായിരിക്കുകയാണെന്നും അതുകൊണ്ട് ഇവിടംവരെ വന്നാൽ കൊള്ളാമെന്നും അറിയിച്ചുകൊണ്ട് മകൾ(സയ്നബ) നബി(സ)തിരുമേനിയുടെ അടുക്കലേക്ക് ആളയച്ചു. നബി(സ)തിരുമേനിയാകട്ടെ മകൾക്ക് സലാം പറഞ്ഞുകൊണ്ട് ഇപ്രകാരം പറഞ്ഞയച്ചു: "അല്ലാഹു വിട്ടു തന്നതും അവൻ തിരിച്ചെടുത്തതും അവന്റേതുതന്നെയാണ്. എല്ലാ കാര്യങ്ങൾക്കും അവന്റെയടുക്കൽ ഒരു നിശ്ചിത അവധിയുണ്ട്. അതിനാൽ അല്ലാഹുവിൽനിന്ന് പ്രതിഫലം ആഗ്രഹിച്ചുകൊണ്ട് അവൾ ക്ഷമ കൈക്കൊള്ളട്ടെ." അപ്പോൾ നബി(സ)തിരുമേനി വരികതന്നെ വേണമെന്ന് സത്യം ചെയ്തുകൊണ്ട് അവർ വീണ്ടും ആളയച്ചു. ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ, ഹദ്റത്ത് മുആദ് ബിൻ ജബൽ, ഹദ്റത്ത് ഉബയ്യ് ബിൻ കഅ്ബ്, ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്(റ.ഹും) എന്നിവരും വേറെ ചില അനുചരന്മാരുമൊന്നിച്ച് നബി(സ)തിരുമേനി പുറപ്പെട്ടു. അവിടെ എത്തിയപ്പോൾ കുട്ടിയെ നബി(സ)തിരുമേനിയുടെ അടുത്തേക്ക് ഉയർത്തിക്കാണിച്ചു. ആ കുട്ടിയുടെ ജീവൻ കിടന്ന് പിടയുന്നുണ്ട്; വെള്ളം നിറച്ച ഒരു പഴയ തോൽപ്പാത്രംപോലെ. നബി(സ)തിരുമേനിയുടെ ഇരുകണ്ണുകളിൽനിന്ന് കണ്ണീർ ഒഴുകാൻ തുടങ്ങി. ഇതുകണ്ടപ്പോൾ സഅ്ദ്(റ) ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ! ഇതെന്താണ്?' (അങ്ങ് കരയുകയാണോ?). 'ഇത് അല്ലാഹു അവന്റെ ദാസന്മാരുടെ ഹൃദയങ്ങളിൽ നിക്ഷേപിക്കുന്ന കാരുണ്യമാണ്. നിശ്ചയം കാരുണ്യമുള്ള അവന്റെ ദാസന്മാരോടാണ് അല്ലാഹു കരുണ കാണിക്കുക' എന്ന് നബി(സ)തിരുമേനി പ്രത്യുത്തരം നല്കി. (സ്വഹീഹുൽ ബുഖാരി, കിതാബുൽജനാഇസ്, ഹദീഥ് 1284)

ഇതെന്തോ വികാരപരമായ അവസ്ഥയാണ്. അല്ലാഹുവിന്റെ ഫള്ൽ ഒന്നുമാത്രം!

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ) വിവരിക്കുന്നു: ഒരിക്കൽ ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയെ രോഗം ബാധിച്ചു. അപ്പോൾ നബി(സ) തിരുമേനി ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്, സഅ്ദുബ്നു അബീവഖാസ്, ഹദ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ് എന്നിവരോടൊപ്പം അദ്ദേഹത്തെ കാണാൻ ചെന്നു. നബി(സ) തിരുമേനി അദ്ദേഹത്തിന്റെ അടുത്ത് പ്രവേശിച്ചപ്പോൾ കുടുംബങ്ങൾ ചുറ്റുംകൂടിനില്ക്കുന്നത് കണ്ടു. നബി(സ)തിരുമേനി ചോദിച്ചു: 'അദ്ദേഹം മരിച്ചോ?' ഇല്ല.–അല്ലാഹുവിന്റെ റസൂലേ എന്നവർ പറഞ്ഞു. അപ്പോൾ നബി(സ)തിരുമേനി കരഞ്ഞു. നബി(സ)തിരുമേനിയുടെ കരച്ചിൽ കണ്ട് സദസ്യരും കരഞ്ഞു. പിന്നീട് അവിടന്ന് പറഞ്ഞു: 'നിങ്ങൾ ശ്രവിക്കുന്നില്ലേ, നിശ്ചയം അല്ലാഹു കണ്ണുനീരിന്റെ പേരിലോ മനസ്സിലെ ദുഃഖം കാരണമോ ശിക്ഷിക്കുകയില്ല. പക്ഷേ, ഇതിന്റെ–നബി(സ)തിരുമേനി നാവിലേക്ക് ചൂണ്ടിക്കൊണ്ട്– പേരിലാണ് അല്ലാഹു ശിക്ഷിക്കുകയും കരുണ കാണിക്കുകയും ചെയ്യുക. മയ്യിത്ത് അതിന്റെ കുടുബക്കാരുടെ കരച്ചിൽമൂലം ശിക്ഷിക്കപ്പെടും.(സ്വഹീഹുൽബുഖാരി, കിതാബുൽ ജനാഇസ് ഹദീഥ് 1304)

അലമുറയിട്ട് കരയുക എന്നത് തെറ്റാണ്. ആ നേരത്ത് അദ്ദേഹത്തിന്റെ അവസ്ഥ അങ്ങനെ കണ്ടതാകാം. അല്ലെങ്കിൽ നബി(സ)തിരുമേനിയ്ക്ക് ദുആയുടെ അവസ്ഥ ഉണ്ടായതാകാം. അതുകൊണ്ടും നബി(സ)തിരുമേനിക്ക് കരച്ചിൽ വന്നിട്ടുണ്ടാകാം. പക്ഷേ, മറ്റുള്ളവർ അദ്ദേഹത്തിന്റെ അവസാന നേരമാണെന്ന് മനസ്സിലാക്കി കരയാൻ തുടങ്ങയിട്ടുണ്ടാകാം. അതുകൊണ്ട് നബി(സ)തിരുമേനി അവർക്ക് മനസ്സിലാക്കിക്കൊടുത്തിട്ടുണ്ടാകാം. കരയുക എന്നത് വിരോധമല്ല. അല്ലാഹുവിന്റെ നിയതിനിയമം പ്രകടമാകുമ്പോൾ അതിനെ വെറുക്കുന്നതാണ് വിരോധമായിട്ടുള്ളത്. അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിച്ചുകൊണ്ടാണ് കണ്ണീർ പുറപ്പെടുന്നതെങ്കിൽ അവന്റെ കരുണ വലിച്ചെടുക്കുന്നതാണ്. എന്നാൽ, മോശമായിപ്പോയെന്ന് കരുതുകയും നെഞ്ചത്തടിച്ച് നിലവിളിക്കുകയുമാണെങ്കിൽ ശിക്ഷ കിട്ടുന്നതായിരിക്കും. എന്തായാലും ആ സമയത്ത് അദ്ദേഹം വഫാത്തായിരുന്നില്ല. അദ്ദേഹത്തിന്റെ രോഗം കഠിനതരമായിരുന്നു.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ)പറഞ്ഞു: ഞങ്ങൾ നബി(സ)തിരുമേനിയോടൊപ്പം ഇരിക്കവെ അൻസ്വാറിൽ ഒരാൾ ആഗതനായി സലാം ചൊല്ലി. പിന്നെ അൻസ്വാരി പിന്തിരിഞ്ഞു. അപ്പോൾ നബി(സ)തിരുമേനി ചോദിച്ചു: ഹേ! അൻസ്വാർ സഹോദരാ, 'എന്റെ സഹോദരൻ സഅ്ദ് ബിൻ ഉബാദ എങ്ങനെയിരിക്കുന്നു?' അദ്ദേഹം പറഞ്ഞു: 'സുഖമായി ഇരിക്കുന്നു.' നബി(സ)തിരുമേനി ചോദിച്ചു: 'നിങ്ങളിലാരാണ് അദ്ദേഹത്തെ സന്ദർശിക്കാനുള്ളത്?' തുടർന്ന് അവിടന്ന് എഴുന്നേറ്റപ്പോൾ ഞങ്ങളും എഴുന്നേറ്റു. ഞങ്ങൾ പത്തിലധികം പേരുണ്ടായിരുന്നു. ഞങ്ങൾക്ക് ചെരുപ്പോ കാലുറയോ തൊപ്പിയോ കുപ്പായമോ ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ അടുത്തെത്തുംവരെ ഉപ്പുകല്ലുകളുള്ള ചതുപ്പ് നിലത്തിലൂടെ ഞങ്ങൾ നടന്നു. ഞങ്ങൾ സഅ്ദിന്റെ അവിടെ എത്തിയപ്പോൾ അദ്ദേഹത്തിന്റെ അടുത്തുണ്ടായിരുന്ന സ്വന്തക്കാർ മാറിനിന്നു. തുടർന്ന് നബി(സ)തിരുമേനിയും കൂടെയുള്ള അനുചരന്മാരും അദ്ദേഹത്തിന്റെ അടുത്തേക്ക് ചെന്നു.'(സ്വഹീഹ് മുസ്‌ലിം കിതാബുൽ ജനാഇസ്, ഹദീഥ് 2138)

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് ബിൻ അംറ് ബിൻ ഹറാം വിവരിക്കുന്നു: എന്റെ പിതാവ് എന്നോടു ഹരീറ ഉണ്ടാക്കാൻ പറഞ്ഞു. ഞാൻ ഹരീറ ഉണ്ടാക്കി. പ്രസിദ്ധമായ ഒരു ആഹാരമാണ് ഹരീറ. അത് ഗോതമ്പ് മാവ്, നെയ്യ്, വെള്ളം എന്നിവ കൊണ്ടാണ് ഉണ്ടാക്കുന്നത്. എന്നല്ല(ചിലർ പറഞ്ഞത്)ഗോതമ്പുമാവും പാലും ചേർത്തുണ്ടാക്കുന്നുവെന്നാണ്. എന്തായാലും ഇത് അവർ ഹദീഥിന്റെ നിഘണ്ടുവിൽനിന്നുദ്ധരിച്ചതാണ്. അദ്ദേഹം പറയുന്നു: ഞാൻ പിതാവിന്റെ നിർദേശമനുസരിച്ച് ഹരീറ ഉണ്ടാക്കി നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. നബി(സ)തിരുമേനി ആ നേരത്ത് വീട്ടിലുണ്ടായിരുന്നു. അവിടന്ന് ചോദിച്ചു: 'ജാബിറേ! ഇത് ഇറച്ചിക്കറിയാണോ?' ഞാൻ പറഞ്ഞു: അല്ല. അല്ലാഹുവിന്റെ റസൂലേ! ഇത് ഹരീറയാണ്. ഉപ്പ പറഞ്ഞതനുസരിച്ച് ഞാനുണ്ടാക്കിയതാണ്. പിന്നീട് അദ്ദേഹം എന്നോടു നിർദേശിച്ചപ്പോൾ ഞാൻ അങ്ങയുടെ സന്നിധിയിൽ കൊണ്ടുവന്നതാണ്. പിന്നീട് ഞാൻ തിരിച്ച് എന്റെ പിതാവിന്റെ അടുത്തുവന്നു. എന്റെ പിതാവ് ചോദിച്ചു: നബി(സ) തിരുമേനി നിന്നോടെന്താണ് പറഞ്ഞത്? ഞാൻ പറഞ്ഞു, ജാബിറേ! എന്താണ് കൊണ്ടുവന്നത്, ഇറച്ചിയാണോ? എന്ന് നബി(സ)തിരുമേനി എന്നോടു ചോദിച്ചു. എന്റെ പിതാവ് പറഞ്ഞു, ഒരു പക്ഷേ, നബി(സ)തിരുമേനിക്ക് ഇറച്ചി കഴിക്കാൻ ആഗ്രഹമുണ്ടാകും. പിതാവ് ആടിനെ അറുത്തു. അത് കറിയാക്കി. ഇത് നബി(സ) തിരുമേനിക്ക് കൊണ്ടുകൊടുത്തുവരിക എന്ന് എന്നോടു പറഞ്ഞു. ഹദ്റത്ത് ജാബിർ(റ)വിവരിക്കുന്നു:ഞാൻ ആ പാകംചെയ്ത് ആട് നബി(സ)തിരുമേനിയുടെ സന്നിധിയിൽ കൊണ്ടുവന്നു. നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു അൻസ്വാറിനെ എന്റെ ഭാഗത്തുനിന്ന് പ്രതിഫലം നല്കി അനുഗ്രഹിക്കുമാറാകട്ടെ. പ്രത്യേകിച്ചും അബ്ദുല്ലാഹ് ബിൻ അംറ് ബിൻ ഹറാമിനേയും സഅ്ദ് ബിൻ ഉബാദയേയും.(അൽമുസ്തദർക്ക് അലസ്സ്വഹീഹയ്ൻ വാള്യം 5 പേജ് 39–40,

കിതാബുൽഅത്അമ, ദാറുൽഫിക്ർ 2001)(ഫതഹുൽബാരി കിതാബുൽ അത്വ ്അമവാള്യം 9, പേജ് 678, പ്രസാധകർ ഖദീമീ കുതുബ് ഖാന കറാച്ചി)(ജഹാൻഗീർ ഉർദു ലുഗത്പേജ് 649, പ്രസാധർ ജഹാൻഗീർ ബുക്സ് ലാഹോർ)(Lexicon Part 2, ുമഴല 539, ഘീറീ 1865)

ഹദ്റത്ത് അബൂ ഉസയ്ദ്(റ) നിവേദനം: നബി(സ)തിരുമേനി പറഞ്ഞു: 'അൻസ്വാറിന്റെ വീടുകളിൽ ഏറ്റവും ഉത്തമമായത് ബനൂ നജ്ജാർ ഗോത്രക്കാരുടേതാണ്. ശേഷം അബ്ദുൽ അശ്ഹൽ. ശേഷം ബനൂ ഹാരിഥ്, പിന്നീട് ബനൂ സായിദ. അൻസ്വാറിന്റെ സർവവീടുകളിലും നന്മയുണ്ട്. ഇതുകേട്ട് ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ) പറഞ്ഞു: 'അവർ ഇസ്‌ലാമിൽ ഉന്നതനിലയിലുളളവരായിരുന്നു. നബി(സ)തിരുമേനി ഞങ്ങളുടെമേൽ അവരെ ശ്രേഷ്ഠതപ്പെടുത്തിയതായി ഞാൻ ദർശിച്ചു. അപ്പോൾ അദ്ദേഹത്തോടു പറയപ്പെട്ടു: നബി(സ)തിരുമേനി താങ്കൾക്കും ധാരാളംപേരുടെമേൽ ശ്രേഷ്ഠത നല്കിയിട്ടുണ്ട്.' (സ്വഹീഹുൽ ബുഖാരി, കിതാബു മനാഖിബുൽഅൻസ്വാർ ഹദീഥ് 3807)

ഹദ്റത്ത് അബൂ സയീദ് ഖുദ്‌രി സാക്ഷ്യം വഹിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'അൻസ്വാറിന്റെ ഏറ്റവും ഉത്തമമായ വീട് ബനൂ നജ്ജാറിന്റേതാണ്. പിന്നീട് ബനൂ അബ്ദ് അശ്ഹൽ, പിന്നീട് ബനൂ ഹാരിഥ് ബിൻ ഖസ്‌റജ്, ശേഷം ബനൂ സായിദ. അൻസ്വാറിന്റെ എല്ലാ വീടുകളിലും നന്മയുണ്ട്. നിവേദകൻ അബൂ സൽമ പറയുന്നു, ഹദ്റത്ത് അബൂ ഉസയ്ദ് പറഞ്ഞു: നബി(സ)തിരുമേനയിൽനിന്ന് ഇത് നിവേദനം ചെയ്യുന്നതിൽ എന്നെ ദോഷം ആരോപിക്കപ്പെട്ടവനാക്കുന്നു. ഞാൻ തെറ്റാണ് പറയുന്നതെങ്കിൽ തീർച്ചയായും ബനൂ സായിദായിൽനിന്ന് ആരംഭിക്കുമായിരുന്നു. ഇക്കാര്യം ഹദ്റത്ത് സഅ്ദ് ബിൻ ഉബാദവരെ എത്തി. അദ്ദേഹത്തിനും ഇത് വിഷമമുണ്ടാക്കി. ആദ്യം പറഞ്ഞ നിവേദനത്തിലും ഇദ്ദേഹത്തിന്റെ പ്രകടനം ഇതായിരുന്നു: ഞങ്ങളെ പിന്നിലാക്കിയിരിക്കുന്നുവെന്ന് ഞങ്ങളോടു അവർ പറഞ്ഞു. ഞങ്ങൾ നാലുപേരിൽ അവസാനത്തേതായി. സഅ്ദ് ബിൻ ഉബാദ പറഞ്ഞു:'എനിക്ക് എന്റെ കഴുതപ്പുറത്ത് ജീനി കെട്ടുക. ഞാൻ നബി(സ) തിരുമേനിയുടെ അടുത്തേക്ക് പോകുകയാണ്. അദ്ദേഹത്തിന്റെ സഹോദരപുത്രൻ സഹ്ൽ പറഞ്ഞു: നബി(സ)തിരുമേനി പറഞ്ഞത് മാറ്റിക്കാനാണോ താങ്കൾ പോകുന്നത്? നബി(സ)വിവരിച്ച ക്രമീകരണത്തെ കുറിച്ച് അനാവശ്യമായി ചോദിക്കാനാണോ? വാസ്തവത്തിൽ നബി(സ) തിരുമേനിയാണ് കൂടുതൽ അറിയുന്നത്. അങ്ങ് നാലിൽ ഒരാളാണ് എന്നത് അങ്ങയ്ക്ക് മതിയായതല്ലേ? അങ്ങനെ അദ്ദേഹം തീരുമാനം മാറ്റി. പറഞ്ഞു:'അല്ലാഹുവും അവന്റെ റസൂലുമാണ് ഏറ്റവും നന്നായി അറിയുന്നത്.' അദ്ദേഹം തന്റെ കഴുതയുടെ മേലുള്ള ജീനി അഴിക്കാൻ കല്പിച്ചു. അങ്ങനെ ജീൻ അഴിക്കപ്പെട്ടു. ഇതും സ്വഹീഹ് മുസ്‌ലിമിലെ നിവേദനമാണ്.(സ്വഹീഹ് മുസ്‌ലിം, കിതാബു ഫളാഇലുസ്സ്വഹാബ ഹദീഥ് 6425)

ഹശാം ബിൻ ഉർവ തന്റെ പിതാവിൽനിന്ന് നിവേദനം: ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ) ഇങ്ങനെ ദുആ ചെയ്യാറുണ്ടായിരുന്നു, 'അല്ലാഹുവേ നീയെന്നെ സ്തുത്യർഹനാക്കേണമേ. എന്നെ അന്തസ്സും മാന്യതയുമുള്ളവനുമാക്കേണമേ.' അന്തസും മാന്യതയും സൽക്കർമങ്ങളില്ലാതെ ഉണ്ടാകുകയില്ല. സൽക്കർമം ഇ ല്ലെങ്കിൽ മാന്യതയും ലഭിക്കുകയില്ല. ധനം കൂടാതെ സൽകർമം ഉണ്ടാകുകയുമില്ല. അല്ലാഹുവേ! കുറച്ച് എനിക്കു ഉചിതമല്ല. എനിക്കതിൽ നേരെ ഇരിക്കാനും പറ്റുകയില്ല.'(അത്ത്വബക്കാത്തുൽകുബ്റാ വാള്യം 3, പേജ് 461, സഅ്ദ് ബിൻ ഉബാദ പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യാ ബേറൂത്ത് 1990)

എന്തായാലും ഇത് അദ്ദേഹത്തിന്റെ ദുആ ചെയ്യുന്ന ഒരു രീതിയാണ്. സ്വഹീഹ് മുസ്‌ലിമിന്റെ ഒരു നിവേദനമുണ്ട്. ഹദ്റത്ത് അബൂഹുറയ്റായിൽനിന്ന് നിവേദനം: സഅ്ദ് ബിൻ ഉബാദ(റ), നബി(സ)തിരുമേനിയോടു ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ! എന്റെ ഭാര്യയുടെ കൂടെ മറ്റൊരാൾ ശയിക്കുന്നതു കണ്ടാൽ നാലു സാക്ഷികൊണ്ടുവരുന്നതുവരെ എനിക്ക് അവനെ പിടികൂടാൻ പാടില്ലെന്നല്ലേ?' 'അതേ' നബി(സ)തിരുമേനി പ്രതിവചിച്ചു. അദ്ദേഹം പറഞ്ഞു: 'അങ്ങനെയല്ല. സത്യവുമായി താങ്കളെ നിയോഗിച്ചയച്ചവനാണ! അതിനുമുമ്പേതന്നെ ഈ വാളുകൊണ്ട് ഞാനവന്റെ കഥ കഴിച്ചിരിക്കും.' നബി(സ)തിരുമേനി പറഞ്ഞു: 'നിങ്ങളുടെ നേതാവ് പറയുന്നത് നിങ്ങൾ കേൾക്കൂ. തീർച്ചയായും അദ്ദേഹം(സഅ്ദ്) അഭിമാനിയാണ്. ഞാൻ അദ്ദേഹത്തെക്കാൾ അഭിമാനിയാണ്. അല്ലാഹു എന്നെക്കാൾ അധികം അഭിമാനിയാണ്.'(സ്വഹീഹ് മുസ്‌ലിം കിതാബുല്ലിആൻ ഹദീഥ് 3763)

ഇതു ഉദ്ധരിച്ച് മുസ്‌ലിമിന്റെ തന്നെ മറ്റൊരു നിവേദനവുമുണ്ട്. അത് ഹദ്റത്ത് മുഗീറ ബിൻ ശെഅ്ബയിൽനിന്ന് നിവേദനം ചെയ്യപ്പെട്ടതാണ്. അദ്ദേഹം പറയുന്നു:ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ പറഞ്ഞു:ഏതെങ്കിലും ഒരുത്തനെ എന്റെ ഭാര്യയുടെ അടുത്ത് കണ്ടാൽ ഞാനവനെ കൊല്ലുന്നതാണ്. വാളിന്റെ വീതിയുള്ള ഭാഗംകൊണ്ടല്ല, വായ്ത്തലയുടെ ഭാഗംകൊണ്ട്. ഇക്കാര്യം നബി(സ)തിരുമേനി അറിഞ്ഞു. അപ്പോൾ അവിടന്ന് പറഞ്ഞു: 'നിങ്ങൾ സഅ്ദിന്റെ അഭിമാനത്തിൽ അത്ഭുതപ്പെടുകയാണോ? അല്ലാഹുവാണ! ഞാൻ അദ്ദേഹത്തെക്കാളധികം അഭിമാനിയാണ്. അല്ലാഹു എന്നെക്കാൾ അധികം അഭിമാനിയാണ്. അല്ലാഹു തന്റെ അഭിമാനം കാരണത്താൽ ലജ്ജ ഇല്ലായ്മയെ വിരോധിച്ചു. അവരിൽനിന്ന് പ്രകടമാകുന്നതും മറഞ്ഞിരിക്കുന്നതും. ഒരു വ്യക്തിയും അല്ലാഹുവിനെക്കാൾ വലിയ അഭിമാനിയില്ല. ഖേദം പ്രകടിപ്പിക്കുന്നതിനെ അല്ലാഹുവിനെക്കാളധികം ഇഷ്ടപ്പെടുന്നവനും ആരുമില്ല. അല്ലാഹുവിനെക്കാൾ വലിയ അഭിമാനിയാരുമില്ല. അല്ലാഹു എത്രത്തോളം ഖേദം ഇഷ്ടപ്പെടുന്നുവോ പശ്ചാത്താപം ഇഷ്ടപ്പെടുന്നുവോ മാപ്പ് ഇഷ്ടപ്പെടുന്നുവോ അതിനക്കാൾ അധികം ആരുമില്ല. നബി(സ)തിരുമേനി പറഞ്ഞു: അതുകൊണ്ടാണ് അല്ലാഹു ദൈവദൂതന്മാരെ സുവിശേഷം അറയിക്കുന്നവരും പേടിപ്പിച്ചറിയിക്കുന്നവരുമായി നിയോഗിച്ചയച്ചിട്ടുള്ളത്.' സുവാർത്തയും നല്കുന്നു. പേടിപ്പിക്കുകയും ചെയ്യുന്നു. ഒരാളും അല്ലാഹുവിനെക്കാളധികം സ്തുതി ഇഷ്ടപ്പെടുന്നില്ല. ഇക്കാരണത്താൽ അല്ലാഹു സ്വർഗം വാഗ്ദാനം ചെയ്തു.(സ്വഹീഹ് മുസ്‌ലിം, കിതാബുല്ലിആൻ ഹദീഥ് 3764)

അല്ലാഹുവിന്റെ സ്തുതിയും പ്രശംസയും തിന്മകളിൽനിന്ന് രക്ഷപ്പെടുക എന്നതാണ്. പിന്നീട് അല്ലാഹു ഇക്കാരണത്താൽ സ്വർഗം വാഗ്ദാനവും ചെയ്തു. അതായത് അല്ലാഹു ശിക്ഷിക്കുകയും ചെയ്യുന്നു. പക്ഷേ, ധിറുതി കാണിക്കുകയില്ല. മനുഷ്യൻ പറയട്ടെ ഞാൻ അഭിമാനിച്ചു, ധിറുതി കാണിച്ചുവെന്ന്! തൗബ ചെയ്യുന്നവന് മാപ്പും കൊടുക്കുന്നു. മാപ്പുകൊടുക്കുക മാത്രമല്ല, അനുഗ്രഹിക്കുകയും ചെയ്യുന്നു.അല്ലാഹുവിന്റെ നിയമത്തെ ലംഘിക്കരുതെന്ന് നബി(സ)തിരുമേനി പറഞ്ഞു. അല്ലാഹുവിന്റെ നിയമത്തിന്റെ പരിധിക്കുള്ളിലിരിക്കുക.

ഹദീഥിൽ മുസ്നദ് അഹ്മദ് ബിൻ ഹമ്പലിന്റെ ഒരു നിവേദനം ഇപ്രകാരമാണ്: ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ(റ) വിവരിക്കുന്നു: നബി(സ)തിരുമേനി അദ്ദേഹത്തോടു പറഞ്ഞു: താങ്കൾ ഇന്ന ഗോത്രത്തിന്റെ സ്വദഖകളുടെ മേൽനോട്ടം വഹിക്കുക. എന്നാൽ, ഖിയാമത്തുന്നാളിൽ അലറിവിളിക്കുന്ന ഒട്ടകത്തെയും ചുമലിലേറ്റി വരുന്ന അവസ്ഥ നിനക്കുണ്ടാകാൻ പാടില്ല. അദ്ദേഹം പറഞ്ഞു: എന്നാൽപ്പിന്നെ, യാ റസൂലല്ലാഹ്! ഈ ഉത്തരവാദിത്വം മറ്റാരെയെങ്കിലും ഏല്പിച്ചാലും. നബി(സ)തിരുമേനി ആ ജോലി അദ്ദേഹത്തെ ഏല്പിച്ചില്ല.(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 7 പേജ് 473, മുസ്നദ് സഅ്ദ് ബിൻ ഉബാദ ഹദീഥ് 22828, പ്രസാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1998)

അതായത് ആ ചുമതലയോടുള്ള കടമ നിറവേറ്റേണ്ടിവരും. ഇല്ലെങ്കിൽ അത് വളരെ വലിയ പാപമാണ്. ഖിയാമത്തുന്നാളിൽ അതിന് മറുപടി നല്കേണ്ടതായും വരും.

നബി(സ)തിരുമേനിയുടെ ജീവിതകാലത്ത് ആറ് അൻസ്വാർ വിശുദ്ധ ഖുർആൻ ക്രോഡീകരിച്ചിരുന്നു. അതിൽ ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയും ഉണ്ടായിരുന്നു.(ഉസുദുൽഗാബ വാള്യം 1, പേജ് 503, ദാറുൽകുതുബുൽ ഇൽമിയ്യ, ബേറൂത്ത് 2003)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: അൻസ്വാറിൽനിന്നുള്ള പ്രസിദ്ധരായ ഹാഫിളുമാരുടെ കൂട്ടത്തിൽ ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയുടെ പേരുമുണ്ട്.

ഹദ്റത്ത് സഅ്ദ് ബിൻ ഉബാദയെ സംബന്ധിച്ച് അല്പം കൂടി ബാക്കിയുണ്ട്. അത് പിന്നീട് പറയുന്നതാണ്. ഇൻശാ അല്ലാഹ്.


**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ**

**പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.

വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക്
അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.


**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

'ഖലീഫ ജമാഅത്തിന്റെ പരിഷ്ക്കരണത്തിന് എന്തെങ്കിലും പറഞ്ഞാൽ അതേറ്റെടുക്കുകയും ജമാഅത്തംഗങ്ങളുടെ മുമ്പിൽ അത് ആവർത്തിക്കുകയും ചെയ്യുക. മന്ദബുദ്ധിയിൽ മന്ദബുദ്ധിയായവനുപോലും അതു മനസ്സിലാകാനും ദീനിൽ ശരിയായ നിലയിൽ നടക്കാനുള്ള വഴിപ്രാപിക്കാനും അതാവർത്തിക്കുക. ആവർത്തിക്കുക, ആവർത്തിക്കുക!'
(ഖുത്വ്ബാത്തെ മഹ്മൂദ് വാല്യം 18 പേജ് 214 – 215)
(ഖുത്വ്ബ ജുമുഅ 29 – 5 – 2015)


**ത്വാലിബെ ദുആ:**
**Ahmadiyya Muslim Jama'at Palluruthy, Ernakulam dist:**


**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

നമ്മുടെ ആരാധനകളുടെ പുരോഗതിതന്നെ നമുക്ക് വിജയങ്ങൾ പ്രദാനം ചെയ്യുന്നതാണ്. അതുകൊണ്ടുതന്നെ ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജമാഅത്ത് മുഴുവൻ ഇതു സംബന്ധമായി വളരെ തീവ്രമായ ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. (ജുമുഅ ഖുത്വ്ബ 27 – 1 – 2017)


**ത്വാലിബെ ദുആ:**
**Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala**

# വിശുദ്ധഖുർആൻ

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)**
**വിവർത്തകൻ: കെ.വി ഹസ്സൻകോയ, കോഴിക്കോട്**

## സൂറഃഫാതിഹായുടെ ആന്തരികവും ബാഹ്യവുമായ സവിശേഷതകൾ:

വിശുദ്ധഖുർആന്റെ നിസ്തുലതയും സാമ്യമില്ലായ്മയും ബുദ്ധിപരമായ വാദഗതികൾ കൊണ്ടുമാത്രമല്ല സ്ഥാപിക്കപ്പെടുന്നത്. ദീർഘകാലത്തെ അനുഭവംകൊണ്ടും ദൃഢീകരിക്കപ്പെട്ടിട്ടുണ്ട്. 1300 വർഷത്തോളമായി വിശുദ്ധഖുർആൻ അതിന്റെ സവിശേഷതകളായ നിസ്തുലതയും അസാദൃശ്യതയും സംബന്ധിച്ച് മുഴുലോകത്തേയും വെല്ലുവിളിച്ചിട്ടുണ്ട്. അതിന്റെ ആന്തരികവും ബാഹ്യവുമായ നിസ്തുലതയും അസാദൃശ്യതയും കാരണം ഒരു മനുഷ്യനും അതിനു തുല്യമായത് സൃഷ്ടിക്കാൻ സാധ്യമല്ല. ഈ വെല്ലുവിളി സ്വീകരിക്കാൻ ഇന്നുവരെ ആരും മുന്നോട്ടുവന്നിട്ടില്ല. ഒരു അധ്യായമായ 'ഫാതിഹ'ക്ക് തുല്യമായതുപോലും ആരും അവതരിപ്പിച്ചിട്ടില്ല. ഈ വിശുദ്ധവചനത്തിന്റെ അടുത്തെത്താൻപോലും മനുഷ്യന്റെ ബുദ്ധിപരമായ കഴിവുകൾക്ക് സാധിച്ചിട്ടില്ലെന്നുള്ളതും ദീർഘകാല അനുഭവംകൊണ്ടും അതിനു കഴിഞ്ഞിട്ടില്ലെന്നുള്ളതും ഫാതിഹായുടെ അത്ഭുതപ്രകൃതിയെ സാക്ഷ്യപ്പെടുത്തുന്നു. ഇതിൽപരം വ്യക്തമായ അത്ഭുതം മറ്റെന്താണ്?

ഈ രണ്ടുവിധത്തിലുള്ള സാക്ഷ്യത്തിനും ആരെങ്കിലും അസംതൃപ്തരാണെങ്കിൽ തന്റെ അറിവിലും കഴിവിലും ഒരാൾ വമ്പുനടിക്കുകയാണെങ്കിൽ വേറൊരു എഴുത്തുകാരന് വിശുദ്ധഖുർആൻപോലുള്ള ഒന്ന് സംഗ്രഥനം നടത്താൻ സാധിക്കുമെന്നു വിശ്വസിക്കുകയാണെങ്കിൽ നാം വഗ്ദാനം ചെയ്തപ്രകാരം നമുക്കു മുന്നോട്ടു പോകാം. സൂറഃഫാതിഹയിലടങ്ങിയ സത്യതയുടെയും നല്ല ആശയങ്ങളുടെയും സാമ്പിൾ അവതരിപ്പിക്കാം. അങ്ങനെയുള്ള വ്യക്തി ഇതിനെതിരിൽ തന്റെ സ്വന്തമായ ഒരു സംഗ്രഥനം മുന്നോട്ടുവയ്ക്കണം. അത് സൂറഃഫാതിഹയിലെ ആന്തരികവും ബാഹ്യവുമായ സവിശേഷതകളെ വെല്ലുന്നതായിരിക്കണം.' (ബറാഹീനെ അഹ്മദിയ്യ, റൂഹാനീഖസാഇൻ, വാള്യം 1, പേജ് 394-403 അടിക്കുറിപ്പ്-11)

വിശുദ്ധഖുർആൻപോലെതന്നെ സൂറഃഫാതിഹയും രണ്ടുവിധത്തിലുള്ള വിശേഷതകളടങ്ങുന്നതാണ്. ഒന്ന് ആന്തരികമായതും മറ്റേതു ബാഹ്യമായതുമാണ്. നാം ആവർത്തിച്ചു പ്രതിപാദിച്ചതുപോലെ അതിന്റെ സവിശേഷതയെന്തെന്നാൽ അതിന്റെ ഉള്ളടക്കം വർണാഭവും തിളക്കമാർന്നതും നല്ലതും മൃദുലവും വാചാലവും മാധുര്യമുള്ളതും സ്നിഗ്ദ്ധമായതുമാണ്. അതിന്റെ പ്രസ്താവനകളും ക്രമവും എത്രത്തോളം മനോഹാരിതമെന്നാൽ അതിനു തുല്യമായ അല്ലെങ്കിൽ കൂടുതൽ വാചാലമായ സംഗ്രഥനം അവതരിപ്പിക്കാൻ ആർക്കും സാധ്യമല്ല. മുഴുലോകത്തിലെ എഴുത്തുകാരും കവികളും അവരുടേതായ മറ്റൊരു രീതിയിൽ അത് വിവരിക്കുകയാണെങ്കിൽ അത് സൂറഃഫാതിഹക്ക് തുല്യമോ അതിൽ കൂടുതലോ ആയിരിക്കാൻ സാധ്യമല്ല. എന്തെന്നാൽ, വിശുദ്ധഖുർആൻ അതുല്യതയുടെ ഈ അവകാശവാദം പുറപ്പെടുവിച്ച് 1300 വർഷം കഴിഞ്ഞിട്ടും ഒരുവിധ പ്രതികരണവുമുണ്ടായിട്ടില്ല. അതിന്റെ ശത്രുക്കളുടെ മൗനം വിശുദ്ധഖുർആന്റെ അതുല്യതയ്ക്കുള്ള തെളിവാണ്. ഈ അതുല്യത റോസാപ്പൂവിനില്ല. ലോകത്തിലെ ചിന്തകന്മാരും വിദഗ്ദ്ധന്മാരും ഈ രീതിയിൽ എന്തെങ്കിലും കാര്യത്തിനു ക്ഷണിക്കപ്പെട്ടിട്ടില്ല. അവർക്ക് ഇക്കാര്യത്തിന് സാധ്യമല്ലെങ്കിൽ വിവിധ രീതിയിലുള്ള നാശത്തിനവർ വിധേയരാവുമെന്നു താക്കീതു നല്കപ്പെട്ടിട്ടുമില്ല. ഇപ്പോൾ നാം വീണ്ടും സൂറഃഫാത്തിഹയുടെ ആന്തരിക സവിശേഷതകൾ ആവർത്തിച്ചു പറയുന്നു, അതുമുഖേന ചിന്തിക്കുന്നവർ അതു മനസ്സിലാക്കാൻ വേണ്ടി. സർവ്വജ്ഞനായ ദൈവം മനുഷ്യശരീരത്തിന്നാവശ്യമായ വിവിധ പ്രയോജനങ്ങൾ റോസാപ്പൂവിൽ നിക്ഷിപ്തമാക്കിയിരിക്കുന്നുവെന്ന കാര്യം അറിയപ്പെടുമാറാകട്ടെ. അതു ഹൃദയത്തേയും കഴിവുകളേയും ആത്മാക്കളേയും ശക്തിപ്പെടുത്തുകയും മറ്റു പല രോഗങ്ങൾ ഭേദമാവാൻ സഹായകവുമാണ്. അതേപ്രകാരം സർവ്വശക്തനായ അല്ലാഹു സൂറഃഫാത്തിഹയിലും മുഴുവൻ വിശുദ്ധഖുർആനിലും ആത്മീയവും ആന്തരികവുമായ ശമനം നിക്ഷിപ്തമാക്കിയിരിക്കുന്നു. അതു മറ്റെവിടെയും ദർശിക്കാൻ കഴിയുകയില്ല. ഒരടയാളംപോലും ബാക്കിവയ്ക്കാതെ ലോകത്തുനിന്ന് തിരോധാനം ചെയ്ത സത്യതകളാൽ വിശുദ്ധഖുർആൻ നിർഭരമാണ്. സത്യത്തിൽ, അങ്ങേയറ്റം ദാഹാർത്തരായവർക്ക് ആകാശത്തിൽനിന്നിറങ്ങിയ കാരുണ്യത്തിന്റെ ജീവൻനല്കുന്ന മഴയാണത്. ലോകത്തിന്റെ ആത്മീയ ജീവിതം ആകാശത്തിൽനിന്നിറങ്ങുന്ന ജീവദായകമായ ആ ജലത്തെ ആശ്രയിച്ചിരിക്കുന്നു. അതിന്റെ ഒരു തുള്ളി ഏതെങ്കിലും ഒരു രോഗത്തിനു ശമനമായിരിക്കും. ശതാബ്ദങ്ങളായി ലോകത്തിന്റെ അവസ്ഥ തെളിയിച്ചിട്ടുള്ളത് സ്വന്തം നിലയ്ക്കു ശമനം കണ്ടെത്താൻ അതിനു സാധ്യമല്ലെന്നാണ്. ഈ അന്ധകാരം ആകാശീയമായ വെളിച്ചംകൊണ്ടല്ലാതെ മായ്ക്കാൻ സാധ്യമല്ല. സത്യത്തിന്റെ പ്രകാശരശ്മികളാൽ അത് ഈ ലോകം പ്രകാശമയമാക്കണം. ഒരിക്കലും കണ്ടിട്ടില്ലാത്തവരെ കാണുമാറാക്കണം. ഒരിക്കലും മനസ്സിലാക്കാത്തവരെ മനസ്സിലാക്കുമാറാക്കണം. ഈ ആകാശീയമായ പ്രകാശം ലോകത്തുനിന്ന് തിരോധാനം ചെയ്ത സത്യമായ ഉൾക്കാഴ്ചകൾ അവതരിപ്പിച്ചു എന്നു മാത്രമല്ല നിരവധി മനസ്സുകളിൽ സത്യത്തിന്റെയും യുക്തിയുടെയും രത്നങ്ങൾ നിറച്ചുവയ്ക്കുകയും ചെയ്തു. നിരവധി ഹൃദയങ്ങളെ അതിന്റെ മനോഹരമായ വക്ത്രത്തിലേക്കാകർഷിച്ചു. അതിന്റെ ശക്തമായ ഫലം കാരണമായി അനേകരെ അറിവിന്റെ ഉത്തുംഗങ്ങളിലും പ്രവർത്തനങ്ങളിലും എത്തിച്ചു. സൂറഃഫാത്തിഹയിലും വിശുദ്ധഖുർആനിൽ പൊതുവെയും കണ്ടെത്താൻ പറ്റുന്ന വിവിധങ്ങളായ സവിശേഷതകൾ ദൈവവചനത്തിന്റെ അതുല്യത തെളിയിക്കുന്ന വാദമുഖങ്ങളാണ്. ഏതുപ്രകാരം റോസാപ്പൂവിന്റെ സവിശേഷതകൾ മനുഷ്യശക്തിക്കതീതമാണെന്നു സമ്മതിക്കപ്പെട്ടിട്ടുണ്ടോ അതുപോലെതന്നെ. യഥാർഥത്തിൽ, വിശുദ്ധഖുർആന്റെ സവിശേഷതകൾ വ്യക്തമായും അസാധാരണമാണ്, മനുഷ്യരുടെ കഴിവുകൾക്കതീതമാണ്. ആ സവിശേഷതകൾ റോസൂപ്പൂവിൽ കണ്ടെത്താൻ പറ്റില്ല.

ഈ അതുല്യതയുടെ സവിശേഷതകളും പ്രതാപവും മഹത്ത്വവും പൂർണമായും മനസ്സിലാവുന്നത് അവയെ ഒന്നായി പരിഗണിക്കുമ്പോഴാണ്. ഒന്നാമതായി അതിന്റെ ഉള്ളടക്കം വാഗ്പ്രയോഗവും മാധുര്യമുള്ളതും പരിശുദ്ധവും ആകർഷണീയവും വർണാഭവുമായിരിക്കണം എന്ന കാര്യം പരിഗണിക്കണം. ഏതൊരു മനുഷ്യനും അങ്ങനെയുള്ള ഗ്രന്ഥം സംഗ്രഥനം ചെയ്യാൻ ആഗ്രഹിക്കുന്നു. ആ ഗ്രന്ഥത്തിൽ വാശ്മിത്വമുള്ള ആ മൂലഗ്രന്ഥത്തിൽ അടങ്ങിയിട്ടുള്ള എല്ലാ അർഥങ്ങൾ ഉൾക്കൊള്ളിച്ചതാകണം അത്. എന്നാൽ, മനുഷ്യന് അങ്ങനെ ചെയ്യാൻ അസാധ്യമായിരിക്കും. രണ്ടാമതായി പരിഗണിക്കേണ്ടത് മൂലഗ്രന്ഥത്തിന്റെ വിഷയത്തിൽ അടങ്ങിയിരിക്കേണ്ടത് ഉന്നതനിലവാരത്തിലുള്ള സത്യതകളും നല്ല ആശയങ്ങളുമായിരിക്കണം. ഒരു ശൈലിയോ വാക്കോ അക്ഷരമോ യുക്തിയില്ലാത്തതാവരുത്. മൂന്നാമതായി ആ സത്യതകൾ ഈ കാലഘട്ടത്തിനാവശ്യമായിരിക്കണം എന്ന കാര്യം പരിഗണിക്കപ്പെടണം എന്നതാണ്. നാലാമതായി ആ സത്യതകൾ എത്രത്തോളം അതുല്യമായിരിക്കണമെന്നാൽ ഒരു ചിന്തകനോ തത്ത്വജ്ഞാനിയോ അതു സ്വന്തം നിരീക്ഷണംകൊണ്ടോ ആലോചനകൊണ്ടോ കണ്ടുപിടിച്ചതായിരിക്കരുത്. അഞ്ചാമത്തെ പരിഗണനയെന്തെന്നാൽ ആ സത്യതകൾ ഒരു പുതുമയുള്ള അനുഗ്രഹം ആയിരിക്കണം. അത് പ്രത്യക്ഷപ്പെടുന്നത് ആ കാലഘട്ടത്തിലെ ആളുകൾ തികച്ചും അതിനെക്കുറിച്ച് അബോധവാന്മാരായിത്തീരുകയും വേണം. ആറാമതായി പരിഗണിക്കേണ്ട കാര്യം മൂലഗ്രന്ഥത്തിനു ദൈവികമായ ഒരു അനുഗ്രഹം ഉണ്ടായിരിക്കണം. അതായത് അതിനെ അവധാനം ചെയ്യുന്ന ആൾക്ക് സർവ്വശക്തനായ ദൈവവുമായി സത്യമായ ബന്ധം സ്ഥാപിക്കാൻ സാധിക്കണം. അവനോട് യഥാർഥമായ സ്നേഹമുണ്ടായിരിക്കണം. ദൈവിക മനുഷ്യരിൽ പ്രകാശിക്കേണ്ടതായ പ്രകാശങ്ങൾ അയാളിൽ പ്രകാശിക്കാൻ തുടങ്ങണം.

അവയൊട്ടാകെ നാം പരിഗണിക്കുകയാണെങ്കിൽ ഈ സമഗ്രമായ വിശേഷതകൾ ഉൾക്കൊള്ളുന്ന ഒരു മൂലഗ്രന്ഥം രചിക്കുകയെന്നത് മനുഷ്യശക്തിക്കതീതമാണെന്നു ബുദ്ധിയുള്ള

### അല്ലാഹുവിന്റെ കലാം

***"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)***

ത്വാലിബെ ദുആ
M.P.Haneef Ahmad
Ahmadiyya Jama-ath Koodali, Kerala.

### കലാമുൽ ഇമാം:-

**'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.' (കിതാബുൽ ബരിയ്യ പേജ് 47)**

ത്വാലിബെ ദുആ:
C. Shameem Ahmad
Ahmadiyya Jama-ath Calicut, Kerala.

വർ നിസ്സംശയം ദൃഢീകരിക്കുന്നു. ബാഹ്യവും ആന്തരികവുമായ ഈ മികവുകൾ ചിന്തിക്കുമ്പോൾ ഒരാൾക്ക് ആദരസമന്വിതമായ അത്ഭുതമുണ്ടാകുന്നു. ഇങ്ങനെയൊരു സങ്കലനം ഉണ്ടാക്കുകയെന്ന മനുഷ്യബുദ്ധിക്കും സങ്കല്പത്തിനും അതീതമാണെന്ന് ഒരു ബുദ്ധിമാനായ മനുഷ്യൻ ഉറപ്പിക്കുന്നു. ഒരു റോസാപൂ ഉത്തരത്തിലുള്ള അത്ഭുതമുണ്ടാക്കുകയില്ല. വിശുദ്ധഖുർആനും ഈ പ്രത്യേകതയുണ്ട്. അതിന്റെ അതുല്യതക്കുള്ള വിശേഷതകൾ ഇതിനു തെളിവും സ്വയം വ്യക്തമാക്കുന്നതുമാണ്. അതിന്റെ ഒരക്ഷരംപോലും അസ്ഥാനത്തല്ലെന്നും യുക്തിക്കും അനുയോജ്യതക്കും ചേർന്നവിധമാണെന്നും അതിന്റെ ഒരു ശൈലിപോലും ഒരു കാലഘട്ടത്തെ പരിഷ്കരിക്കാൻ പറ്റിയതും വാഗ്മിത്വമുള്ളതും സമഗ്രമായതുമാണെന്നു മൂലഗ്രന്ഥത്തിലെ ഒരു വരിപോലും പകരംവെക്കാനാകാത്തതാണെന്നും മനസ്സിലാകുന്ന ആളുടെ ഹൃദയത്തിൽ ആദരസമന്വിതമായ അത്ഭുതം സ്ഫുരിക്കുന്നു.

ഒരു അജ്ഞനായ ആൾ, ഈ കാര്യങ്ങളൊന്നും പരിഗണിക്കാതെ, ഫാതിഹ സൂറയിൽ ഈ വിശേഷതകളെല്ലാം അടങ്ങിയിട്ടുണ്ടെന്നുള്ളതിനു എന്താണ് തെളിവ് എന്നു ചോദിച്ചേക്കാം. മുഴുവൻ ഖുർആനെ സംബന്ധിച്ചും ഈ തെളിവ് ചോദിച്ചേക്കാം. ഇതിന്റെ തെളിവെന്തെന്നാൽ അതിന്റെ മികവുകളുടെ അതുല്യത കാരണം അവർക്ക് അതിനു തുല്യമായ ഒന്നു കണ്ടെത്താൻ സാധിക്കുന്നില്ല. അതിലുള്ള സത്യതയും നല്ല പോയന്റുകളും എത്രത്തോളം ഉന്നതമെന്നാൽ അതിനു തുല്യമായത് മുഴുവൻ ലോകത്തും കണ്ടെത്താൻ സാധ്യമല്ല. എത്രത്തോളം അത്ഭുതകരമായ ഫലമാണെന്നാൽ മനുഷ്യരുടെ വചനങ്ങളിൽ അതു കണ്ടെത്താൻ സാധിക്കുകയില്ല. ഈ പരിശുദ്ധമായ വിശേഷത അതിൽ നിരീക്ഷിക്കാൻ സാധിക്കും. ഇത് വെളിപാടായിറങ്ങിയത് ഉദ്ദേശ്യമില്ലാതെയല്ല. ഏറ്റവും അവശ്യമായ സമയത്താണ്. അതിനാൽ അതിന്റെ തുല്യതയില്ലാത്ത മഹത്ത്വം അറിവില്ലാത്ത ആളും സമ്മതിക്കുന്നു. തങ്ങളുടെ നിത്യമായ ദൗർഭാഗ്യം കാരണമായി വിശ്വാസത്തിന്റെ അനുഗ്രഹത്തിൽനിന്ന് തടയപ്പെടും. അതുല്യമായ ഈ സംഗ്രഹം കാരണം ആദരസമന്വിതമായ അത്ഭുതത്തോടെ ഇതിനെ വീക്ഷിക്കുന്നുവെങ്കിലും ആശയക്കുഴപ്പം കാരണം ഇത് ശരിക്കും ഇന്ദ്രജാലമാണെന്നു പ്രഖ്യാപിക്കുന്നു. നീതിമാനായ ഒരു വ്യക്തി വിശുദ്ധഖുർആന്റെ അതുല്യതയെ സംബന്ധിച്ച് ശക്തമായ ഒരു വാദഗതി കണ്ടെത്തുന്നു. അതായത് ഒരു തിരഞ്ഞെടുത്ത തെളിവ് 1300 വർഷമായി വിശുദ്ധഖുർആൻ എതിരാളികളെ വെല്ലുവിളിക്കുന്നു; അതിനു തുല്യമായ ഒന്നുകൊണ്ടുവരാൻ. അതിൽ പരാജയപ്പെട്ടിട്ടും എതിർപുകൾ തുടരുന്നു. ദുഷ്ടത കാണിക്കുന്നു. അവർ ശപ്തരാണ്. നരകാവകാശികളാണ്. എന്നിട്ടും എതിരാളികൾ തിരഞ്ഞെടുത്തത് നിന്ദ്യതയും ബഹുമാനമില്ലായ്മയും സ്വയം അപമാനിതരാവുകയുമാണ്. വ്യാജരെന്നും അപലപനീയരെന്നും ലജ്ജയില്ലാത്തവരെന്നും കുഴപ്പക്കാരെന്നും വിശ്വാസരഹിതരെന്നും നിരകാവകാശികളെന്നും വിളിക്കപ്പെടാൻ വഴങ്ങി വിശുദ്ധഖുർആനിലെ ഒരു ചെറിയ അധ്യായത്തിനു താരതമ്യപ്പെടുത്താൻ യോഗ്യമായ ഒന്നും അവർ കൊണ്ടുവന്നില്ല. ദൈവവചനം അവതരിപ്പിക്കുന്ന വിശേഷതകളും മഹത്ത്വങ്ങളും സത്യതകളും കണ്ട് അതിൽ കുറ്റം കണ്ടെത്താൻ അവർക്കു കഴിഞ്ഞില്ല. അവർ വെല്ലുവിളിക്ക് വിധേയരായിക്കൊണ്ട് അവിശ്വാസവും വിശ്വാസരാഹിത്യവും ഉപേക്ഷിക്കാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ വിശുദ്ധഖുർആനിലെ ഒരു ചെറിയ അധ്യായത്തിനു കിടപിടിക്കുന്ന ഒന്ന് അവർ അവതരിപ്പിക്കണം. നമ്മെ അവർ നേരിടുകയും വേണം. വിശുദ്ധഖുർആനിലെ ഏറ്റവും ചെറിയ അധ്യായത്തിലെ ബാഹ്യവും ആന്തരികവുമായ വിശേഷതകൾ അടങ്ങിയ ഒരു മൂലകൃതിയായിരിക്കണം അത്.' (ബറാഹീനെ അഹ്മദിയ്യാ, റൂഹാനീഖസാഇൻ, വാല്യം 2, പേജ് 403-410 അടിക്കുറിപ്പ് 11)

നമ്മുടെ വാദഗതികൾ പൂർണതയിലെത്തിക്കാൻ നാം ചില നല്ല പോയന്റുകളും സൂറഃഫാത്തിയുടെ ചില യാഥാർഥ്യങ്ങളും അവതരിപ്പിക്കുന്നതാണ്. ആദ്യം നാം സൂറഃഫാത്തിഹ എഴുതാം. പിന്നെ അതിന്റെ അഗാധമായ സത്യതകളെക്കുറിച്ചെഴുതാം.

*ബിസ്മില്ലാഹിർറഹ്മാനിർറഹീം*
*അൽഹംദുലില്ലാഹി റബ്ബിൽആലമീൻ*
*അർറഹ്മാനിർറഹീം*
*മാലിക്കി യൗമിദ്ദീൻ*
*ഇയ്യാക്ക നഅ്ബുദു വഇയ്യാക്ക നസ്തഇയീൻ,*
*ഇഹ്ദിനസ്സിറാത്വൽ മുസ്തഖീം*
*സ്വിറാത്വല്ലദീന അൻഅംത്ത അലയ്ഹിം*
*ഗയ്രിൽ മഗ്ളൂബി അലയ്ഹിം*
*വലള്ളാല്ലീൻ*

യുക്തിജ്ഞാനത്തിന്റെയും സത്യതയുടെയും ചില പോയന്റുകൾ ഉദാഹരണാർഥം താഴെ കൊടുക്കുന്നു. ഈ സൂറയുടെ വ്യാഖ്യാനമാണിത്.

ബിസ്മില്ലാഹിർറഹ്മാനിർറഹീം ആണ് വിശുദ്ധഖുർആന്റെ എല്ലാ സൂറയുടെയും ആദ്യത്തെ സൂക്തം. വേറെ സ്ഥലത്തും വിശുദ്ധഖുർആനിൽ വരുന്നുണ്ട്. വിശുദ്ധഖുർആനിൽ ഈ സൂക്തം മറ്റേതൊരു സൂക്തത്തെക്കാളും കൂടുതൽ ആവർത്തിക്കുന്നുണ്ട്. നന്മയും അനുഗ്രഹവും തേടുന്ന ഓരോ പ്രവൃത്തിയുടേയും തുടക്കത്തിൽ ബിസ്മില്ലാഹിർറഹ്മാനിർറഹീം എന്നു ചൊല്ലുന്നത് ഒരു സമ്പ്രദായമായി മുസ്‌ലിമീങ്ങളിൽ മാറിയിട്ടുണ്ട്. ഇത് അനുഗ്രഹത്തിന്റെ ഒരടയാളവും സഹായത്തിനുവേണ്ടിയുള്ള പ്രാർഥനയുമാണ്. ശത്രുക്കളുടെ ഇടയിലും മിത്രങ്ങളുടെയിടയിലും പ്രസിദ്ധമായ ഒരു കാര്യം മറ്റെല്ലാ സൂക്തങ്ങളെക്കുറിച്ചും അവർ അബോധവാന്മാരാണെങ്കിലും ഈ സൂക്തത്തെക്കുറിച്ച് എല്ലാവർക്കുമറിയാം എന്ന് ആശിക്കുന്നു.

ഈ സൂക്തത്തിലടങ്ങിയ സമഗ്രമായ സത്യതയിൽ ഒന്ന് ഈ സൂക്തത്തിന്റെ ഉദ്ദേശ്യം വിനീതരും അബോധവാന്മാരായ ദൈവദാസന്മാരെ ദൈവത്തിന്റെ മഹത്ത്വമുള്ള പേരിനു നിരവധി സിഫത്തുകളുണ്ടെന്ന് പഠിപ്പിക്കുകയാണ്. അത് വിശുദ്ധഖുർആന്റെ ശൈലിയിൽ സമഗ്രമായ എല്ലാ വിശേഷതകളും അടങ്ങുന്നതാണ്. എല്ലാ ന്യൂനതകളിൽനിന്ന് നിർമുക്തവുമാണ്. സത്യദൈവത്തിനാണ് അതുപയോഗിക്കപ്പെടുന്നത്. അവനു പങ്കുകാരനില്ല. അവൻ എല്ലാ അനുഗ്രഹങ്ങളുടെയും ഉറവിടമാണ്. 'ബിസ്മില്ല'യിൽ പ്രതിപാദിച്ചിട്ടുള്ള രണ്ടു ഗുണനാമങ്ങൾ അതായത് റഹ്മാനിയത്തും റഹീമിയ്യത്തും ആവശ്യപ്പെടുന്നത് ദൈവവചനത്തിന്റെ വെളിപാടാണ്. അതിന്റെ പ്രകാശങ്ങളും അനുഗ്രഹങ്ങളും വ്യാപിപ്പിക്കപ്പെടുന്നതാണ്.

ദൈവത്തിന്റെ പരിശുദ്ധ വചനം ഇറങ്ങലും അത് ദൈവത്തിന്റെ സൃഷ്ടികൾക്ക് അറിയപ്പെടുമാക്കുകയും ചെയ്യുന്നത് റഹ്മാനിയ്യത്ത് എന്ന ഗുണം ആവശ്യപ്പെടുന്നതാണ്. റഹ്മാനിയ്യത്ത് എന്ന സിഫത്ത് അഥവാ ദൈവത്തിന്റെ വിശേഷഗുണം പ്രകടമാവുന്നത് ഒരു മനുഷ്യന്റെയും പ്രവർത്തനഫലമായല്ല. അത് ദൈവത്തിന്റെ ഔദാര്യവും അനുഗ്രഹവുമാണ്. തന്റെ സൃഷ്ടികളുടെ ക്ഷേമത്തിനുവേണ്ടി ദൈവം സൂര്യൻ, ചന്ദ്രൻ, വെള്ളം, വായു തുടങ്ങിയവ സൃഷ്ടിച്ചിരിക്കുന്നു. ഈ എല്ലാ ഔദാര്യവും അനുഗ്രഹവും റഹ്മാനിയ്യത്ത് എന്ന സിഫത്തുകാരണമായാണ്. തന്റെ പ്രവൃത്തിയുടെ പ്രതിഫലമായാണ് ഈ വസ്തുക്കൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതെന്ന് ആർക്കും അവകാശപ്പെടാൻ പറ്റില്ല. അതുപോലെതന്നെ ദൈവവചനം ഇറങ്ങിയത് മനുഷ്യകുലത്തെ പരിഷ്കരിക്കാനും അതിന്റെ മാർഗദർശനത്തിനുമാണ്. അതും ഈ സിഫത്തുകാരണമായാണ്. ദൈവത്തിന്റെ വിശുദ്ധവചനം -അതിൽ അവന്റെ നിയമമടങ്ങിയിരിക്കുന്നു- ഇറങ്ങിയിരിക്കുന്നത് തന്റെ ഏതെങ്കിലും പ്രവൃത്തിയുടേയോ പരിശ്രമത്തിന്റേയോ ഫലമായോ അല്ലെങ്കിൽ തന്റെ നന്മയുടെ പ്രതിഫലമായോ ആണെന്നു ഒരു മനുഷ്യനും പറയാൻ പറ്റില്ല. തങ്ങൾ പരിശുദ്ധരും സാത്വികരും ആണെന്നും തങ്ങളുടെ ജീവിതം ഭക്തിയിലും ആരാധനയിലുമാണ് കഴിച്ചുകൂട്ടിയതെന്നും ആയിരക്കണക്കായ ആളുകൾ അവകാശപ്പെട്ടിട്ടും സമഗ്രവും പരിശുദ്ധവുമായ ദൈവവചനം-അതുമുഖേനയാണ് ദൈവം തന്റെ ആജ്ഞകൾ പുറപ്പെടുവിച്ചതും തന്റെ പദ്ധതികളെക്കുറിച്ചു മനുഷ്യരെ അറിയിച്ചതും- വെളിപാടായി ഇറങ്ങിയത് ഏറ്റവും ആവശ്യമായ കാലത്താണ് എന്നു പറയുന്നതിന്റെ കാരണം.

എന്നിരിക്കിലും ദൈവത്തിന്റെ പരിശുദ്ധവചനം പരിശുദ്ധിയിൽ ഉന്നതസ്ഥാനം വഹിക്കുന്നവരും ആത്മപരിശുദ്ധി നേടിയവരുമായവർക്ക് ഇറങ്ങണം. എത്രത്തോളമെന്നാൽ പരിശുദ്ധിക്ക് മലിനതയുമായി ഒരു ബന്ധവുമില്ല. എന്നാൽ, പരിശുദ്ധിയുടെയും നന്മയുടെയും ഓരോ കാര്യത്തിലും ദൈവവചനത്തിന്റെ വെളിപാട് ആവശ്യമായതല്ല. സർവ്വശക്തനായ ദൈവത്തിന്റെ സത്യമായ നിയമത്തിന്റെയും അധ്യാപനത്തിന്റെയും വെളിപാട് യഥാർഥ ആവശ്യത്തെ ആശ്രയിച്ചിരിക്കുന്നു. എപ്പോഴെല്ലാം ആവശ്യം നേരിട്ടുവോ ഏതൊരു കാലഘട്ടത്തിലാണോ പരിഷ്കരണം ആവശ്യമായി വരുന്നത്, സർവ്വജ്ഞനും സർവ്വശക്തനുമായ ദൈവം തന്റെ വചനമിറക്കുന്നു. മറ്റൊരു സമയത്തും ദൈവികനിയമമുൾക്കൊ

## ഹദീഥുന്നബ്‌വി (സ):

***സ്വന്തം കൈകൊണ്ടു സമ്പാദിച്ച ഭക്ഷണത്തെക്കാൾ ഉത്തമമായ ഒരു ഭക്ഷണവുമില്ല. (സ്വഹീഹ് ബുഖാരി, കിതാബുൽബുയൂഅ്)***

## കലാമുൽ ഇമാം:-

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "അല്ലാഹുവിനോടുണ്ടാകേണ്ട സത്യസന്ധത, കൂറ്, ആത്മാർഥത, സ്നേഹം അല്ലാഹുവിലുള്ള സമർപണം ഒന്നും ഇല്ലാതായിപ്പോയിരിക്കുന്നു."(മൽഫൂദാത്ത് വാല്യം 6 പേജ് 352)**

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

ള്ളുന്ന സമഗ്രമായ ദൈവവചനം വെളിപാടായി ഇറങ്ങിയിട്ടില്ല. ആ സമയത്ത് ലക്ഷക്കണക്കായ സാത്വികരും പരിശുദ്ധരും പരിശുദ്ധിയുടെയും നന്മയുടെയും ഉന്നതസ്ഥാനം പ്രാപിച്ച ആളുകൾ ഉണ്ടായിരുന്നിരിക്കാം. ചില പരിശുദ്ധരായ ആളുകളുമായി ദൈവം ഭാഷണം നടത്താറുണ്ട്. എന്നാൽ, അതും സംഭവിക്കുന്നത് ദൈവജ്ഞാനമനുസരിച്ച് അത്തരം സംഭാഷണത്തിന് സത്യമായ ആവശ്യമുള്ളപ്പോഴാണ്. ഈ രണ്ട് ആവശ്യങ്ങൾ തമ്മിലുള്ള വ്യത്യാസം ലോകത്തുള്ള ആളുകൾ മാർഗഭ്യംശത്തിലും തെറ്റിലും ആപതിക്കുകയും സന്മാർഗത്തിൽനിന്ന് അവർ വ്യതിചലിക്കുകയും അവരെ മടക്കിക്കൊണ്ടുവരാൻ ഒരു പുതിയ നിയമം ആവശ്യമായിവരികയും ചെയ്യുമ്പോഴാണ്. ആ നിയമം അവരുടെ ദുരിതങ്ങൾ അകറ്റുകയും അതിന്റെ സമഗ്രമായ പ്രകാശവും ശമനം വരുത്തുന്ന പ്രസ്താവനകളും മുഖേന അവരുടെ അന്ധകാരം നീക്കുമാറാകണം. ലോകത്തിന്റെ ദുഷിച്ച അവസ്ഥക്ക് അതിന്റെ ശക്തമായ പ്രഖ്യാപനങ്ങൾ ശമനമാകുകയും വേണം. എന്നാൽ, ഔലിയാക്കളു (ദൈവത്തിന്റെ മിത്രങ്ങളു)മായി നടത്തുന്ന സംഭാഷണത്തിനുമുമ്പേ ഈ മഹത്തായ ആവശ്യമുണ്ടാവുന്നില്ല. പലപ്പോഴും അങ്ങനെയുള്ള സംഭാഷണത്തിന്റെ ഉദ്ദേശ്യം ആ പുണ്യവാളന്റെ ആത്മാവിനെ ദുരിതാവസ്ഥയിൽ സ്ഥിരചിത്തതയിലാക്കാനും അല്ലെങ്കിൽ അദ്ദേഹം ദുഃഖവും വ്യസനവും ബാധിച്ചിരിക്കുന്ന സമയത്ത് സുവാർത്ത അറിയിക്കാനുമാണ്. എന്നാൽ, സമഗ്രവും പരിശുദ്ധവുമായ ദൈവവചനം അല്ലാഹുവിന്റെ പ്രവാചകന്മാർക്കും ദൂതന്മാർക്കും വെളിപാടായി ഇറങ്ങുന്നത് നാം മുമ്പേ പ്രസ്താവിച്ചതുപോലെ അതിനുള്ള സത്യമായ ആവശ്യം ഉണ്ടാകുമ്പോഴാണ്. അപ്രകാരം, ദൈവവചനത്തിന്റെ ഇറക്കത്തിന്റെ യഥാർഥമായ കാരണം ശരിയായ ആവശ്യമാണ്. മുഴുവൻ രാത്രിയും അന്ധകാരമയമായിത്തീരുകയും ഒരു പ്രകാശവും അവശേഷിക്കാതിരിക്കുകയും ചെയ്യുമ്പോൾ പുതുചന്ദ്രന്റെ ആഗമനം സമീപസ്ഥമാണ്. അതേപ്രകാരം മാർഗഭ്രംശത്തിന്റെ അന്ധകാരം ലോകത്തെ വലയം ചെയ്താൽ ബുദ്ധി നമ്മോടു പറയുന്നത് ആത്മീയചന്ദ്രന്റെ പ്രത്യക്ഷപ്പെടൽ സമീപസ്ഥമാണ് എന്നാണ്. അതുപോലെ ജനങ്ങൾക്ക് ക്ഷാമം ബാധിച്ചാൽ ബുദ്ധിമാന്മാർ പരിഗണിക്കുന്നത് കാരുണ്യത്തിന്റെ മഴ വളരെ സമീപസ്ഥമാണെന്നാണ്.

ദൈവത്തിന്റെ ഭൗതികമായ നിയമത്തിലും അവൻ ചില കാലം വച്ചിരിക്കുന്നു. ആ സമയത്ത് ദൈവസൃഷ്ടികൾക്ക് യഥാർഥത്തിൽ മഴ ആവശ്യമാണ്. ആ കാലങ്ങളിൽ മഴ വർഷിക്കുന്നതിൽനിന്ന് ആ സമയത്ത് ജനങ്ങൾ കൂടുതൽ നന്മ ചെയ്യുമെന്നും മറ്റവസരങ്ങളിൽ അവർ തിന്മയിൽ മുഴുകുമെന്നും നമുക്ക് നിഗമനം നടത്താൻ പറ്റില്ല. ആ സീസണുകളിൽ കർഷകർക്ക് മഴ ആവശ്യമാണ്. ആ സമയത്ത് പെയ്യുന്നമഴ കാരണം സസ്യങ്ങൾ വളരുകയും മുഴുവൻ വർഷത്തേക്കുമുള്ള സസ്യങ്ങൾ വളരുകയും ചെയ്യുന്നു. അതുപോലെ, ദൈവവചനത്തിന്റെ ഇറക്കം ഏതെങ്കിലും ഒരു പ്രത്യേക വ്യക്തിയുടെ ഭക്തിയും സാത്വികതയും കാരണമായല്ല. അതായത് അങ്ങനെയുള്ള വചനത്തിന്റെ കാരണം ഒരു പ്രത്യേക വ്യക്തി പരിശുദ്ധനും സാത്വികനുമായതുകൊണ്ടല്ല. അല്ലെങ്കിൽ അയാൾ സത്യത്തിനുവേണ്ടി ദാഹിക്കുന്നവനും വിശക്കുന്നുവനുമായതുകൊണ്ടുമല്ല. നാം പലപ്പോഴുമെഴുതിയപോലെ ദൈവികഗ്രന്ഥങ്ങളുടെ വെളിപാടിന്റെ യഥാർഥമായ കാരണം അവയുടെ ആവശ്യകതയാണ്. അതായത്, ലോകത്തു വ്യാപിച്ചിരിക്കുന്ന ഇരുളും അന്ധകാരവും ആവശ്യപ്പെടുന്നത് ആ അന്ധകാരത്തെ തുരത്തുന്ന ദൈവികപ്രകാശം ഉണ്ടാവണമെന്നാണ്. ഇതാണ് താഴെ സൂക്തത്തിലെ ദൈവികവചനം കാണിക്കുന്നത്.

*ഇന്നാ അൻസൽനാഹു ഫീ ലയ്ലത്തിൽ ഖദ്ർ.*

ഈ രാത്രി, അതിന്റെ സാധാരണമായ വ്യാഖ്യാനമനുസരിച്ച് അനുഗൃഹീതരാത്രിയാണ്. എന്നാൽ, വിശുദ്ധഖുർആനിലെ ചില സൂക്തങ്ങൾ കാണിക്കുന്നത് ലോകത്തിലെ അന്ധകാരത്തിന്റെ അവസ്ഥയും നാശത്തിന്റെ ഗോപ്യമായ വിശേഷതകൾ കാരണം വിധിനിർണയരാത്രിയാണെന്നാണ്. അന്ധകാരത്തിന്റെ ആ അവസ്ഥയിൽ ആത്മാർഥത, സ്ഥൈര്യം, ഭക്തി, ആരാധന എന്നിവയ്ക്ക് ദൈവത്തിന്റെ ഗനണനയിൽ മഹത്തായ മൂല്യമുണ്ട്. വിശുദ്ധ പ്രവാചകന്റെ ആഗമന കാലത്ത് ആ അന്ധകാരം അതിന്റെ ഉച്ചിയിലെത്തിയിരുന്നു. ആ അവസ്ഥ ആവശ്യപ്പെട്ടത് മഹത്തായ പ്രകാശത്തിന്റെ ഇറക്കമായിരുന്നു. ഈ ഇരുളടഞ്ഞ അവസ്ഥ നിരീക്ഷിച്ചുകൊണ്ട്, അന്ധകാര ദുരിതമായ സൃഷ്ടികളുടെമേൽ കാരുണ്യമുണ്ടായതിനാൽ റഹ്മാനിയ്യത്ത് എന്ന സ്വിഫത്തിന്റെ പതച്ചുപൊങ്ങലുണ്ടായി. ആകാശീയാനുഗ്രഹങ്ങൾ സ്വയം ഭൂമനിയിലേക്ക് അഭിസംബോധന ചെയ്തു. ആ ഇരുളടഞ്ഞ അവസ്ഥ ലോകത്തിന് അനുഗ്രഹമായിത്തീർന്നു.

അതുമുഖേന ലോകം മഹമത്തായ കാരുണ്യം സ്വീകരിച്ചു. അങ്ങനെ പരിപൂർണ മനുഷ്യൻ, പ്രവാചകന്മാരുടെ മുഖ്യൻ –ആ തിരുമേനിയെപ്പോലെ ഒരാൾ ഉണ്ടായിട്ടില്ല ഭാവിയിൽ ഉണ്ടാവുകയുമില്ല– ലോകത്തിന്റെ മാർഗദർശനാർഥം ആഗതരായി, തിളങ്ങുന്ന ആ ഗ്രന്ഥം കൊണ്ടുവന്നു. അതിനു തുല്യമായത് ഒരു കണ്ണും കണ്ടിട്ടില്ല. ദൈവത്തിന്റെ ആത്മീയ സമഗ്രതയുടെ മഹത്തായ പ്രകാശമായിരുന്നു അത്. മൂടലിന്റെയും അന്ധകാരത്തിന്റെയും കാലത്ത് അല്ലാഹു ഒരു മഹത്തായ ഗ്രന്ഥം അയച്ചു. അതിനു ഫുർഖാൻ എന്നു പേരിട്ടു. (വിശുദ്ധഖുർആന്റെ മറ്റൊരു പേര്). അതുമുഖേന സത്യവും അസത്യവും തമ്മിൽ വേർതിരിച്ചറിയുന്നു. അത് സത്യത്തിന്റെ വരവും വ്യാജത്തിന്റെ അപ്രത്യക്ഷമാവലും തെളിയിക്കുന്നു. കരയുകയും ദുഷിക്കുകയും ഭൂമി ആത്മീയമായി ചേതനയറ്റതാവുകയും ചെയ്തപ്പോൾ വിശുദ്ധഖുർആൻ ഭൂമിയിൽ ഇറങ്ങി. അതിന്റെ ഇറക്കത്താൽ ഭൂമിയിലുണ്ടായതിനെക്കുറിച്ച് താഴെ സൂക്തത്തിൽ സർവ്വശക്തനായ അല്ലാഹു ചൂണ്ടിക്കാണിക്കുന്നു.

*അഅ്ലമൂ അന്നല്ലാഹ യുഹ്യിൽ അർള ബഅ്ദ മൗത്തിഹാ*

അതായത് ഭൂമി ചേതനയറ്റിരുന്നു. ദൈവം അതിനെ പുനരുജ്ജീവിപ്പിച്ചു. (വിശുദ്ധഖുർആൻ 57:18)

ഭൂമിയെ പുനരുജ്ജീവിപ്പിക്കേണ്ട ഉദ്ദേശ്യാർഥമുള്ള വിശുദ്ധഖുർആന്റെ ഇറക്കം പ്രാബല്യത്തിൽ വന്നതു റഹ്മാനിയ്യത്ത് എന്ന സ്വിഫത്തിന്റെ ഇരച്ചുകയറ്റത്താലാണെന്ന കാര്യം പ്രത്യേകം സ്മർത്തവ്യമാണ്. ഈയൊരു സ്വിഫത്ത് ചിലപ്പോൾ ഭൗതികമായ നിലയിൽ സ്വയം വെളിപ്പെടുന്നു. അത് കാരുണ്യത്തിന്റെ മഴ തരിശുഭൂമിയിൽ പെയ്യാൻ കാരണമാകുന്നു. അങ്ങനെ ക്ഷാമം ബാധിച്ചവർക്ക് വിഭവമൊരുക്കുന്നു. ഈ സ്വിഫത്ത് ചിലപ്പോൾ ആത്മീയമായി പതഞ്ഞുപൊന്തുന്നു. മാർഗഭ്യംശവും തെറ്റും കാരണമായി വിശപ്പും ദാഹവുംകൊണ്ട് മരണത്തിനു സമീപമെത്തിയവർക്ക് കാരുണ്യത്തിന്റെ ഒരവസ്ഥയുണ്ടാക്കുന്നു. ആത്മീയജീവിതത്തിന്റെ ഉറവിടമായ സത്യത്തിന്റെയും സാത്വികതയുടെയും പരിപോഷണത്തിന്റെ യും അഭാവമാണ് അവരെ ആത്മീയമായി ചേതനയറ്റവരാക്കുന്നത്. അപ്രകാരം ഔദാര്യവാനായ ദൈവം ആവശ്യത്തിന്റെ അവസരത്തിൽ ശരീരത്തിനു പോഷണം നല്കുന്നതുപോലെ സമഗ്രമായ അവന്റെ കാരുണ്യത്തിൽനിന്ന് ആവശ്യകതയുടെ സമയത്ത് അവൻ ആത്മീയപോഷണം നല്കുന്നു.

തന്റെ തൃപ്തിക്കു പാത്രമായി താൻ തിരഞ്ഞെടുത്ത ആൾക്കു മാത്രമേ ദൈവവചനമിറങ്ങുകയുള്ളൂവെന്നിരിക്കിലും ദൈവം സംതൃപ്തനായ ഒരാൾക്ക് ദൈവികഗ്രന്ഥം ആവശ്യമില്ലാതെ ഇറക്കുന്നുവെന്നതു സത്യമല്ല. അല്ലെങ്കിൽ ഒരാവശ്യവുമില്ലാതെ അല്ലാഹു ആവശ്യമായും നിരന്തരമായും അങ്ങനെയുള്ള ഒരാളോട് അവൻ ഭാഷണം നടത്തുകയില്ല. ദൈവികഗ്രന്ഥം വെളിപാടായി ഇറങ്ങുന്നത് ആവശ്യമായ ഘട്ടത്തിലാണ്. ദൈവികവെളിപാടിന്റെ സത്യമായ കാരണം സർവ്വശക്തനായ അല്ലാഹുവിന്റെ റഹ്മാനിയ്യത്താണ്. ആരുടെയും പ്രവൃത്തിയുടെ ഫലമല്ല. ഈ മഹത്തായ സത്യത്തെക്കുറിച്ചു നമ്മുടെ എതിരാളികളായ ബ്രഹ്മസമാജികളും (ഹിന്ദുമതത്തിലെ ഒരു കക്ഷി) മറ്റുള്ളവരും അബോധവാന്മാരാണ്.

ദൈവിക വെളിപാടിന്റെ അനുഗ്രഹങ്ങൾക്ക് അവകാശിയാവാനും അതിന്റെ അനുഗ്രഹങ്ങൾ മുഖേന ലക്ഷ്യം നേടാനും തന്റെ പരിശ്രമത്തിന്റെ ഫലം കരസ്ഥമാക്കാനും ഏതൊരാൾക്കും സാധിക്കുന്നത് റഹീമിയ്യത്ത് എന്ന സ്വിഫത്തിന്റെ പിന്തുണയാണെന്നു മനസ്സിലാക്കണം. അതുകൊണ്ടാണ് സർവ്വോന്നതനായ ദൈവം റഹീമിയ്യത്ത് എന്ന സ്വിഫത്തിനുശേഷം റഹീമിയ്യത്ത് എന്ന സ്വിഫത്ത് വെച്ചത്. അങ്ങനെ ദൈവികവെളിപാടിന്റെ ഫലങ്ങൾ ജനങ്ങളുടെ ആത്മാക്കളിൽ സ്വയം പ്രകടമാവുന്നത് റഹീമിയ്യത്ത് എന്ന സ്വിഫത്തിൽനിന്നു സ്വാംശീകരിച്ചിട്ടാണെന്ന് അറിയപ്പെടുന്നു. എത്രമാത്രം ഒരാൾ ദൈവത്തിലേക്ക് തിരിയുന്നുവോ അതനുസരിച്ച് ആത്മാർഥതയും വിശ്വാസവും അയാളുടെ ഹൃദയത്തിൽ സ്ഥാനം പിടിക്കുന്നു. അനുയോജ്യമായ പരിശ്രമം നടത്തിക്കൊണ്ട് അയാൾ അനുസരണം കൈക്കൊള്ളുന്നു. അതിനനുസരിച്ച് അയാളുടെ ഹൃദയം ദൈവികവെളിപാടിനാൽ സ്വാധീനിക്കപ്പെടുകയും ദൈവത്താൽ സ്വീകൃതരായ ആളുകളുടെ പ്രകാശത്തിൽനിന്നും ദൃഷ്ടാന്തങ്ങളിൽനിന്നും അയാൾ പ്രയോജനമുൾക്കൊള്ളുകയും ചെയ്യുന്നു.(ദി റിവ്യൂ ഓഫ് റിളീജ്യൻസ്, ഡിസംബർ 2019)

The Weekly BADR Qadian
(Malayalam)
https://www.akhbarbadrqadian.in/

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**‘അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും**
**മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും,**
**നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും**
**അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും**
**നിത്യവും ഖുർആൻ പാരായണം ചെയ്യാൻ**
**അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.’**
**(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 13 February 2020 Issue-7

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

**(പേജ് 2ൽനിന്ന്)**

ഗ്രഹിക്കുന്നു. നമ്മുടെ രാജ്യമായ ഗ്വാട്ടിമാലക്ക് ഫലദായകമായ ഇത്തരം പ്രൊജക്റ്റുകൾ കൂടുതൽ ഉണ്ടാവേണ്ടതാണ്.

കോസ്റ്ററിക്ക(Costa Rica) രാജ്യത്തുനിന്ന് വന്ന ഒരു പുതു അഹ്മദി ജൈറോ(Jairo) സാഹിബിന്റെ വാക്കുകൾ ഇങ്ങനെയായിരുന്നു:

ഇന്നത്തെ പരിപാടി വളരെ നല്ല ഒന്നായിരുന്നു. എന്റെ അഭിപ്രായത്തിൽ ആരോഗ്യരംഗത്ത് ഗ്വാ ട്ടിമാലയിൽ നിലനിന്നിരുന്ന അനിശ്ചിതാവസ്ഥ നീക്കുന്നതിൽ നാസിർ ഹോസ്പിറ്റലിന് വളരെ ഫലപ്രദമായി പങ്കു വഹിക്കാൻ ഇൻശാഅല്ലാഹ് കഴിയുന്നതായിരിക്കും.

നാസിർ ഹോസ്പിറ്റലിന്റെ അഡ്മിനിസ്ട്രേറ്റർ മിസ് പാട്രീഷ(Miss Patricia) തന്റെ വികാരങ്ങൾ ഇങ്ങനെ പങ്കു വെക്കുന്നു:

ഇന്നത്തെ പ്രോഗ്രാം വളരെ നല്ലതായിരുന്നു. വളരെയധികം പ്രധാനപ്പെട്ട വ്യക്തികൾ ഖലീഫയുമായി കൂടിക്കാഴ്ചക്ക് വന്നിരുന്നു. നല്ലൊരു ജനക്കൂട്ടം ദൂരസ്ഥലങ്ങളിൽനിന്ന് ഹുദൂറിനെ ഒരു നോക്കു കാണാൻവേണ്ടി അവിടെ ഒത്തുകൂടിയിരുന്നു. ഈ പ്രൊജക്റ്റിനു വേണ്ടി ധനപരമായി സഹായിച്ചവരും ഇതിലുണ്ടായിരുന്നു. ഹുദൂറിന്റെ ഇന്നത്തെ പ്രഭാഷണവും മികച്ചതായിരുന്നു. സൃഷ്ടികളോട് ദയയോടും അനുകമ്പയോടുംകൂടി പെരുമാറുക എന്ന വാക്കാണ് എനിക്ക് ഏറ്റവും ഇഷ്ടമായത്. ഖലീഫ വിശദീകരിച്ച കേന്ദ്രീകൃത വിഷയം ഇതായിരുന്നു. നാസിർ ഹോസ്പിറ്റലിന്റെ ഭാവിയെ സംബന്ധിച്ച് നമുക്ക് വലിയ വെല്ലുവിളിയാണെന്ന് അദ്ദേഹം വിശദീകരിച്ചു. കാരണം ഇനിയും വളരെയധികം പദ്ധതികളുണ്ട്. അതും നടപ്പിൽ വരുത്തേണ്ടതുണ്ട്. എന്നാൽ, നാം വളരെ സന്തുഷ്ടരാണ്. ഭാവിയിലും കഠിനപ്രയത്നം ചെയ്യുന്നതായിരിക്കും.

എസ് എ അഡ്മിനിസ്ട്രേറ്റ്സിന്റെ പ്രതിനിധിയായി വന്ന കാർലോ സ്റൻജൽ(Carlos Ranjel) തന്റെ അനുഭവം ഈ വാക്കുകളിൽ പ്രകടിപ്പിച്ചു:

ഇന്നത്തെ പ്രോഗ്രാം വളരെ മികച്ചതായിരുന്നു. വളരെ നല്ല രീതിയിൽ സംഘടിപ്പിച്ചു. ഹൃദയത്തിന്റെ ആഴത്തിൽ നിന്നുള്ള നന്ദി ഹുദൂറിനോട് പറയുന്നു. നമുക്കും നാസിർ ഹോസ്പിറ്റലിനെ സഹായിക്കാൻ അല്ലാഹു തുണക്കുമാറാകട്ടെ. ഹുദൂറിന്റെ പ്രഭാഷണം വളരെ നല്ലതായിരുന്നു. സ്വന്തം താൽപര്യത്തെ മാറ്റിവെച്ചുകൊണ്ട് ഇതരരെ സ്നേഹിക്കാനും ദയാപുരസ്സരം പെരുമാറാനും ഹുദൂർ പറയുകയുണ്ടായി. ഈ സന്ദേശം പേറിയാണ് ഞങ്ങൾ പോകുന്നത്. ഈ ഹോസ്പിറ്റൽ നിർമിച്ചതിൽ വളരെ നന്ദിയുണ്ട്. ഭാവുകങ്ങൾ നേരുന്നു. ഗ്വാട്ടിമാല ജനതയിൽ നിന്ന് സമ്പൂർണ സഹകരണം നിങ്ങൾക്ക് ലഭിച്ചു കൊണ്ടിരിക്കും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ഒരു ബാങ്ക് ഓഫീസറായ വിക്ടർ ഹ്യൂഗോ റിവാസ്(Victor Hugo Rivas)പറയുന്നു:

ജമാഅത്തിന്റെ മുദ്രാവാക്യം വളരെ ഉദാത്തമാണ്. സൃഷ്ടികളെ സേവിക്കുക, രാജ്യത്തിന് ആവശ്യമായ ആരോഗ്യപരമായ സൗകര്യങ്ങൾ വിവിധ പ്രദേശങ്ങളിൽ ചെയ്തുകൊടുക്കുക എന്നിങ്ങനെയുള്ള നിങ്ങൾ ഇവിടെ കൊണ്ടുവന്നിരിക്കുന്ന ഒട്ടനവധി കാര്യങ്ങൾ വളരെ നല്ലതാണ്. ഞാൻ ഖലീഫ സാഹിബിന്റെ പ്രഭാഷണവും കേട്ടു. സൃഷ്ടികളോട് അനുകമ്പയോടെ പെരുമാറുക എന്നതാണ് ഈ മഹത്തായ പ്രഭാഷണത്തിന്റെ ചുരുക്കം. ഇവിടെ തുറന്നിട്ടുള്ള നാസിർ ഹോസ്പിറ്റൽ അതിന്റെ വ്യക്തമായ സജീവ ഉദാഹരണമാണ്.

ഒരു ഗ്വാട്ടിമാലക്കാരി ലൂയിസ ജിറോൺ(Luisa Giron) തന്റെ വികാരങ്ങൾ ഇപ്രകാരം പ്രകടിപ്പിച്ചു:

ഹോസ്പിറ്റലിന്റെ ഉൽഘാടനം വൈകാരിക നിമിഷങ്ങളായിരുന്നു. ഇത് വളരെ വലിയ ഒരു പ്രൊജക്റ്റിന്റെ ആരംഭമായിരുന്നു. ഇതുമുഖേന ആയിരക്കണക്കിനു പേർക്ക് ഫലങ്ങൾ എത്തിക്കൊണ്ടിരിക്കും. ഹോസ്പിറ്റലിന്റെ ഉൽഘാടന സമയം ഒരു മഹത്തായ അനുഗ്രഹമായിരുന്നു. അദ്ദേഹത്തിന്റെ സാന്നിധ്യത്തിലിരിക്കുമ്പോൾ സമാധാനം തോന്നുന്നു.

ഗോട്ടിമാലക്കാരി ഒരു ഡോക്ടർ ഡയാന ക്യാംപോസ്(Diana Campos) പറയുന്നു:

പാവപ്പെട്ടവർക്കുവേണ്ടി സഹായികളായി തീരാനുള്ള ഹുദൂറിന്റെ സ ന്ദേശം അനുസരിച്ച് ഞാനും പ്രവർത്തിക്കുന്നതായിരിക്കും. ദൈവത്തിനോടുള്ള നന്ദി പാവപ്പെട്ടവരെ സഹായിച്ചുകൊണ്ട് നിർവഹിക്കാനാണ് മതങ്ങൾ പഠിപ്പിക്കുന്നത്. ഇതുസംബന്ധമായി എല്ലാ ആവശ്യക്കാരേയും സഹായിക്കണമെന്നുള്ള ഖലീഫയുടെ പ്രഭാഷണം വളരെ സ്വാധീനം ഉളവാക്കുന്നതായിരുന്നു. 'എവിടെ യഥാർഥ ഇസ്ലാമുണ്ടോ അവിടെ സ്നേഹവും ഉണ്ടാകും' എന്നത് എനിക്ക് വളരെ ഇഷ്ടപ്പെട്ടു. 'ദൈവത്തിനു വേണ്ടി എല്ലാ പാവപ്പെട്ടവരേയും സഹായിക്കുക' എന്ന വാക്യവും എനിക്ക് വളരെ ഇഷ്ടപ്പെട്ടു. ഈ പ്രവർത്തിക്കു വേണ്ടി ഗ്വാട്ടിമാലയെ തിരഞ്ഞെടുത്തതിൽ ഞാൻ നന്ദി പറയുന്നു. ഖലീഫ ഭാവിയിലും നമ്മുടെയടുത്തേക്ക് വന്നു കൊണ്ടിരിക്കും എന്നു ഒരു സമൂഹം എന്ന നിലയിൽ ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ഒരു ഗ്വാട്ടിമാലക്കാരി ബിസിനസ് വുമൻ തന്റെ വികാരം ഈ വാക്കുകളിൽ പ്രകടിപ്പിച്ചു:

നിങ്ങളുടെ ഖലീഫയുടെ ഭാഗത്തുനിന്നും എനിക്ക് ലഭിച്ച സ്നേഹവും സമാധാന സന്ദേശവും വളരെ മനോഹരമായിരുന്നു. ഒരു തരത്തിലുമുള്ള പ്രതിഫലേച്ഛ ഇല്ലാതെ ആവശ്യക്കാരെ സഹായിക്കുക എന്നത് യഥാർഥ ഇസ്ലാമിന്റെ ആത്മാവാണെന്നതും വളരെ നല്ലതായി തോന്നി. ആവശ്യം ഉന്നയിക്കുന്നതിന് മുമ്പേ അവരെ സഹായിക്കുക എന്ന കാര്യം കേട്ടപ്പോൾ വളരെ ഉത്തമമായി അനുഭവപ്പെട്ടു.

കമേഴ്സ്യൽ ഇന്ഡസ്ട്രീസിന്റെ പ്രതിനിധി ജോർജ് നവാസ് പറയുന്നു:

ഗ്വാട്ടിമാലക്ക് ഈ പ്രോഗ്രാം വളരെ ഉത്തമമായിരുന്നു. ഗ്വാട്ടിമാലയിലെ ജനങ്ങളെ സഹായിക്കുക എന്ന നല്ല നിശ്ചയത്തോടെ നിങ്ങൾ ഈ ഹോസ്പിറ്റൽ സ്ഥാപിച്ചതിൽ ഞാൻ നന്ദി പറയുന്നു.

ഒരു ഗ്വാട്ടിമാല പത്രപ്രവർത്തകൻ എവ്‌ലിന് വാസ്കെസ് (Evelyn Vazquez) പറയുന്നു:

മതത്തിൽ ബലാൽക്കാരമില്ല എന്ന കാര്യം എന്നെ വളരെയധികം സ്വാധീനിച്ചു; കൂടാതെ പരസ്പരം സദ്വിചാരം വെച്ചു പുലർത്തുക എന്നതും. ഈ സന്ദേശമാണ് ഖലീഫ നമുക്ക് നല്കിയത്. നമുക്കെല്ലാവർക്കും ഒരു പോലെയുള്ള അവകാശമാണുള്ളതെന്നും ഓരോ മനുഷ്യനും ഒരു നല്ല ജീവിത നിലവാരം പ്രാപ്തമാകണം എന്നും ഇത് നമ്മുടെ നാട്ടിൽ കൈമോശം വന്നിരിക്കുന്നു എന്നും അദ്ദേഹം പറഞ്ഞു. ഈ ഹോസ്പിറ്റലിന്റെ ഉൽഘാടനത്തോടെ ജനങ്ങൾക്ക് ആരോഗ്യരംഗത്ത് വളരെ സഹായം ലഭിക്കുമെന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. പൈസ ഇല്ലാത്തതിനാൽ ഡോക്ടർമാരുടെയടുക്കൽ പോകാൻ ഭയപ്പെടുന്ന പാവപ്പെട്ടവർക്ക് ഈ ഹോസ്പിറ്റൽ ഒരു തണലാകും.(അവലംബം ഉർദു ബദ്ർ വീക്കിലി, 21-28-ഫെബ്രുവരി -2019)

**(തുടരും)**

◆

## ബിസ്മില്ലാഹ്-ആമീൻ പരിപാടി

അലനല്ലൂർ: 26-01-2020 ഞായറാഴ്ച അലനല്ലൂർ ജമാഅത്തിൽ ബിസ്മില്ലാഹ്-ആമീൻ പരിപാടി സംഘടിപ്പിച്ചു. മദ്രസയിൽ പഠിക്കുന്ന 6 കുട്ടികൾ യസ്സർനൽ ഖുർആൻ പഠനത്തിനുശേഷം വിശുദ്ധ ഖുർആൻ പാരായണ പഠനത്തിലേക്ക് പ്രവേശിച്ചു. 13 സഹോദരന്മാരും 21 സ്ത്രീകളും ഖുർആൻ ഖത്തം ചെയ്തു.

മൗലവി കെ. മുഹമ്മദ് സലീം സാഹിബ് വിശുദ്ധ ഖുർആൻ പഠനമാരംഭിക്കുന്ന കുട്ടികൾക്ക് സൂറ ഫാത്തിഹ ഓതിക്കൊടുത്തു. ഖുർആൻ ഖത്തം ചെയ്ത ആളുകൾക്ക് ഖതമുൽ ഖുർആനിന്റെ ദുആയും ചൊല്ലിക്കൊടുത്തു. ജില്ല ഇൻചാർജ് മിഷണറി മൗലവി കെ. അബ്ദുസ്സലാം സാഹിബ് ഉപദേശപ്രസംഗം നടത്തുകയും ദുആയ്ക്ക് നേതൃത്വം നല്കുകയും ചെയ്തു.

വിശുദ്ധ ഖുർആൻ ഓതാൻ തുടങ്ങിയ കുട്ടികൾക്ക് ജില്ല ഇസ്‌ലാഹ് വ ഇർശാദ് സെക്രട്ടറി എം.അബ്ദുൽ ബശീർ സാഹിബ് സമ്മാനം വിതരണം ചെയ്തു. വിശുദ്ധ ഖുർആൻ ഖത്തം ചെയ്തവർക്ക് ജില്ല ഇൻചാർജ് മിഷണറി സാഹിബും സമ്മാനം നല്കി. സ്ത്രീകൾക്ക് സമ്മാനം വിതരണം ചെയ്തത് അലനല്ലൂർ ലജ്ന ഇമാഇല്ലാഹ് സ്വദ്ർ സാഹിബയാണ്.

അലനല്ലൂർ ജമാഅത്ത് സ്വദ്ർ എം. ജലീൽ അഹ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന് യോഗത്തിൽ എം. റബീഅ് അഹ്മദ് സാഹിബ് വിശുദ്ധ ഖുർആൻ പാരായണം ചെയ്തു. സി.പി.സിദ്ദീഖ് സാഹിബ് ഖസീദ ആലപിച്ചു. ചീരണി വിതരണവുമുണ്ടായി.

## കലാമുൽ ഇമാം:-

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**
**"ഏഷ്യയിലേയും യൂറോപ്പിലേയും അമേരിക്കയിലേയും മനസ്സുകളിൽ മലക്കുകളുടെ സൈന്യം ആകാശത്തുനിന്നിറങ്ങുന്നത് നിങ്ങൾ കാണുന്ന കാലം വിദൂരമല്ല, പ്രത്യുത വളരെ അടുത്താണ്."**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin